# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ജൂലൈ 10 | ദീപം 58 | നാളം 18 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# ആരോഗ്യമേഖല അപമാനിക്കപ്പെടുമ്പോൾ



ഡിജോ കാപ്പൻ

കേരളത്തിന്റെ പൊതുജനാരോഗ്യമേഖല നമ്പർവൺ ആണെന്നും ഇന്ന് ലോകോത്തരനിരവാരത്തിലെത്തിക്കഴിഞ്ഞുവെന്നുമാണ് രണ്ടാം പിണറായി സർക്കാരിന്റെ 2024–2025 വർഷം പുറത്തിറക്കിയ പ്രോഗ്രസ്സ്റിപ്പോർട്ടിന്റെ 165 മുതൽ 184 വരെയുള്ള പേജുകളിൽ അവകാശപ്പെട്ടിട്ടുള്ളത്. ഈ അവകാശവാദം പുറത്തിറങ്ങിയതിന്റെ തൊട്ടുപിന്നാലെയാണ് തിരുവനന്തപുരം മെഡിക്കൽ കോളജിലെ യൂറോളജി വിഭാഗം തലവൻ ഡോ. ഹാരിസ് ചിറയ്ക്കൽ സാമൂഹികമാധ്യമപോസ്റ്റ് വഴി വകുപ്പിന്റെ ദയനീയസ്ഥിതി തുറന്നെഴുതിയത്. ആശുപത്രിയിൽ വേണ്ടത്ര ഉപകരണങ്ങൾ ഇല്ലാത്തതിനാൽ ശസ്ത്രക്രിയകൾ നിരന്തരം മാറ്റിവയ്ക്കുകയാണെന്നതായിരുന്നു പ്രധാനവെളിപ്പെടുത്തൽ. ആരോഗ്യമന്ത്രിയുടെ സെക്രട്ടറിയെ കണ്ട് ഒരു വർഷം മുന്നേ ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്തിയതാണെന്നും അപേക്ഷിച്ചും ഇരന്നും മടുത്തുവെന്നും ജോലിയിൽ സംതൃപ്തി തോന്നാത്ത സ്ഥിതിയായെന്നും രോഗികളുടെ ബുദ്ധിമുട്ടു കണ്ടിട്ടാണ് ഈ തുറന്നുപറച്ചിലെന്നുമാണ് ഡോക്ടറുടെ ഇപ്പോഴത്തെ നിലപാട്. മറ്റു വകുപ്പുമേധാവികൾക്കു ഭയമുള്ളതുകൊണ്ടാണ് സത്യം പുറത്തുപറയാത്തതെന്നും അദ്ദേഹം പിന്നീട് മാധ്യമങ്ങളോടു പറഞ്ഞു.

ഉത്തർപ്രദേശിലെ ഗോരഖ്പൂർ മെഡിക്കൽ കോളജിൽ കുട്ടികളുടെ ശസ്ത്രക്രിയ യഥാസമയം നടത്താൻ കഴിയാതെ വന്നത് ഓക്സിജൻ സിലിണ്ടർ ലഭ്യമാകാതിരുന്നതിനാലാണെന്നും അതുമൂലമാണ് കുറെ കുട്ടികൾ മരണപ്പെട്ടതെന്നും പറഞ്ഞ് അവിടത്തെ ഡോ. കഫീൻഖാനെ യോഗി ആദിത്യനാഥ് സർക്കാർ ജയിലിലിലടച്ചു പീഡിപ്പിച്ചത് വലിയ വിവാദമായിരുന്നു. അന്ന് അദ്ദേഹത്തെ പിന്തുണച്ച് ഇങ്ങു കേരളത്തിൽ പ്രകടനം നടത്തിയർ ഇപ്പോൾ ഡോ. ഹാരിസിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുകയാണ്. ഡോ. ഹാരിസിനെപ്പോലെ അർപ്പണമനോഭാവമുള്ള ഒരു വകുപ്പുമേധാവിയുടെ നിസ്സഹായാവസ്ഥയും ദുഃഖവും ധാർമ്മികരോഷവും രാഷ്ട്രീയകൂറും മനസ്സിലാകാത്തവരാണ് ഇപ്പോൾ അദ്ദേഹത്തെ ക്രൂശിക്കണമെന്ന് ആഗ്രഹിക്കുന്നത്. ഇദ്ദേഹത്തിന് സർക്കാരിനോടുള്ള കൂറ് അറിയണമെങ്കിൽ നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അദ്ദേഹം ഫെയ്സ്ബുക്കിൽ ഇട്ട കുറിപ്പ് വായിച്ചാൽ മതി. അത് ഇപ്രകാരമായിരുന്നു: "എട്ടുതവണ നിലമ്പൂർമണ്ഡലത്തിലെ എം.എൽ.എ. ആയിരുന്ന ആര്യാടൻ മുഹമ്മദിന്റെ മകൻ എന്ന പരിഗണനയും സഹതാപവും, മുസ്ലീം ഭൂരിപക്ഷമണ്ഡലം, അൻവറിനൊപ്പം പോയ കുറെയധികം ഇടത്‌വോട്ടുകൾ, യു.ഡി.എഫിനോടൊപ്പം ചേർന്നുനിന്ന മുസ്ലീം തീവ്രവാദഗ്രൂപ്പുകൾ. ഇതിനെയെല്ലാം നേരിട്ട എൻ. സ്വരാജ് നേടിയ 66000 ത്തിൽ പരം വോട്ടാണ് ഈ ഇലക്ഷന്റെ ടിസ്റ്റ്. വളരെ മികച്ച പെർഫോമൻസ്."

ഇപ്പോൾ ഭരിക്കുന്ന സർക്കാരിനോട് ഇത്രയും കൂറും വിധേയത്വവും പ്രഖ്യാപിച്ച ഒരു വകുപ്പുമേധാവിക്ക് ഇത്തരത്തിൽ പ്രതികരിക്കേണ്ടിവന്നതുകൊണ്ടാണ് ആരോഗ്യവകുപ്പിന് രോഗം പിടിപെട്ടിരിക്കുന്നു എന്ന കാര്യം ചർച്ചയായത്. ഒരു രോഗി ഡോക്ടറെ കണ്ടാൽ രോഗകാരണം അറിയാൻ ചില പരിശോധനകൾ നടത്തും. അത്തരത്തിലുള്ള ഒരു പരിശോധന ആരോഗ്യവകുപ്പിൽ നടത്തിയപ്പോഴാണ് യഥാർഥ രോഗകാരണം മനസ്സിലായത്.

2024–25 സാമ്പത്തികവർഷം സർക്കാർ ആരോഗ്യവകുപ്പിനായി മാറ്റിവച്ചത് 10997 കോടി രൂപയാണ്. ഇതിൽ മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനായി 400 കോടി നൽകി. എന്നാൽ, അതിൽ 145.65 കോടി പിടിച്ചിട്ട് 254.35 കോടി മാത്രമാണ് അനുവദിച്ചത്. മെഡിക്കൽ കോളജുകൾക്ക് 217 കോടി രൂപ നീക്കിവച്ചിരുന്നെങ്കിലും നൽകിയത് 157 കോടി മാത്രം. ആർ.സി.സി.യ്ക്ക് 730 കോടി ബജറ്റിൽ പ്രഖ്യാപിച്ചെങ്കിലും കൊടുത്തത് 36 കോടി. മലബാർ ക്യാൻസർ സെന്ററിന് പ്രഖ്യാപിച്ച 28 കോടിയുടെ പകുതി മാത്രം നൽകി. ജില്ലാ ആശുപത്രികളുടെ സ്ഥിതിയും മറിച്ചല്ല; 152.13 കോടി ബജറ്റിൽ പ്രഖ്യാപിച്ചെങ്കിലും നൽകിയത് 90.02 കോടി മാത്രം. ഡോ. ഹാരിസ് വെളിപ്പെടുത്തിയ രോഗത്തിന്റെ കാരണം, അനുവദിക്കേണ്ടിയിരുന്ന പണം അനുവദിക്കാതിരുന്നതാണ്. ശസ്ത്രക്രിയാ ഉപകരണങ്ങൾ വാങ്ങാൻ കഴിയാതിരുന്നതും ഓപ്പറേഷനുകൾ മാറ്റിവയ്ക്കേണ്ടി വന്നതും അതുകൊണ്ടാണല്ലോ. അപ്പോൾ ഒരു ചോദ്യം ഉയരും. എന്തുകൊണ്ട് പ്രഖ്യാപിച്ച പണം നൽകിയില്ല? സർക്കാരിന്റെ കൈയിൽ പണം ഉണ്ടായിട്ടു നൽകാതിരുന്നതാണോ? വകമാറ്റി ചെലവഴിച്ചതാണോ? സർക്കാരിന്റെ ഒൻപതാം വാർഷികാഘോഷങ്ങൾക്കുവേണ്ടിയാണോ ഈ പണം വകമാറ്റിയത്? ഇതിന്റെ ഉത്തരം ജനങ്ങൾക്ക്, നികുതിദായകർക്ക് അറിയാൻ അവകാശമുണ്ട്.

ആരോഗ്യവകുപ്പിൽ മാത്രമല്ല ഈ പ്രശ്നം ഉള്ളത്. മറ്റു വകുപ്പുമേധാവികൾ ഇന്നല്ലെങ്കിൽ നാളെ സത്യം ലോകത്തോടു വിളിച്ചുപറയേണ്ടി വരും. 1983–84 മുതൽ കേരളം തെറ്റായ ട്രാക്കിൽക്കൂടിയാണ് സഞ്ചരിക്കുന്നതെന്ന് പല സാമ്പത്തികവിദഗ്ധരും ചൂണ്ടിക്കാട്ടിയിരുന്നു. കടം വാങ്ങി ശമ്പളവും പെൻഷനും കൊടുക്കാൻ തുടങ്ങിയതുമുതൽ പദ്ധതിവിഹിതം വെട്ടിക്കുറയ്ക്കാൻ തുടങ്ങി. 2025 ആയപ്പോഴേക്കും സർക്കാർ നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന നൂറുരൂപയിൽ എൺപത്തിയഞ്ചുരൂപയും ശമ്പളവും പെൻഷനും പലിശയുമായി മാറ്റി വയ്ക്കേണ്ട സ്ഥിതിയിൽ എത്തി. അപ്പോൾ ആശുപത്രിയിൽ മരുന്നു വാങ്ങാൻ പണം ഇല്ലാതായി. റോഡ് ടാറിടാനുള്ള പണം തികയാതായി, കുടിവെള്ളം എത്തിക്കാൻ പൈപ്പ് വാങ്ങിയവർക്ക് കുടിശ്ശികയായി. ഇങ്ങനെ എത്രനാൾ? ഊതിവീർപ്പിച്ച ബലൂൺപോലെയാണോ കേരളത്തിന്റെ സ്ഥിതി? അതോ എപ്പോൾ വേണമെങ്കിലും പൊട്ടാവുന്ന അഗ്നിപർവതത്തിന്റെ മുകളിലൂടെയാണോ മലയാളി നടക്കുന്നത്? ഇതൊക്കെ മനസ്സിലാക്കിയാണോ യുവാക്കൾ കേരളം വിടുന്നത്?

►05

# നായ്ക്കൾ സൃഷ്ടിക്കുന്ന നരകയാതനകൾ



അഡ്വ. ചാർളി പോൾ

## പേ പിടിച്ചുള്ള ദാരുണമരണത്തിലേക്ക് ജനങ്ങളെ തള്ളിവിടരുത്

**പൗ**രന്റെ സ്വത്തിനും ജീവനും സംരക്ഷണം നൽകേണ്ട സർക്കാരും തദ്ദേശ സ്വയംഭരണസ്ഥാപനാധികാരികളും ജനങ്ങളെ തെരുവുനായ്ക്കളുടെ മുന്നിലേക്കു വലിച്ചെറിയുന്ന കാഴ്ചയാണ് അനുദിനം നമ്മൾ കാണുന്നത്. ഇവയുടെ സ്വൈരവിഹാരം നമ്മുടെ നാടിന്റെ ഉറക്കം കെടുത്താൻ തുടങ്ങിയിട്ട് നാളേറെയായി. തെരുവുനായ്ക്കളുടെ ആക്രമണവും പേവിഷബാധകാരണമുള്ള മരണങ്ങളും സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

കഴിഞ്ഞവർഷം സംസ്ഥാനത്ത് 3,16,793 പേർക്കാണ് തെരുവുനായ്ക്കളുടെ കടിയേറ്റത്. 2019ലെ ലൈവ്സ്റ്റോക്ക് സെൻസസ് പ്രകാരം 2,89,986 തെരുവുനായ്ക്കൾ ഉണ്ടെന്നായിരുന്നു കണക്ക്. പിന്നീട് സെൻസസ് നടന്നിട്ടില്ല. ഇപ്പോൾ നാലുലക്ഷത്തിലേറെ തെരുവുനായ്ക്കൾ ഉണ്ടെന്നാണു കരുതപ്പെടുന്നത്. 2020–2024 കാലഘട്ടത്തിൽ സംസ്ഥാനത്ത് 94 പേരാണ് പേവിഷബാധയേറ്റു മരിച്ചത്. 2020 ൽ 5 പേർ മരിച്ചിടത്ത് 2024 ആയപ്പോഴേക്ക് 26 പേരായി. പ്രതിരോധ കുത്തിവയ്പിനുശേഷവും വൈറസ് ബാധിച്ചു മൂന്നു കുട്ടികൾ സംസ്ഥാനത്തു മരിച്ചു. പിഞ്ചുകുഞ്ഞുങ്ങൾപോലും പേവിഷബാധയേറ്റു മരിക്കുകയാണ്. വളരെ ഭീതിദമാണ് കേരളത്തിന്റെ അവസ്ഥ.

2021 മുതൽ സംസ്ഥാനത്ത് ഓരോ വർഷവും നായയുടെ കടിയേറ്റു ചികിത്സ തേടുന്നവർ രണ്ടുലക്ഷത്തിലധികം പേരാണ്. കഴിഞ്ഞ രണ്ടു വർഷമായി അതു മൂന്നുലക്ഷം കടന്നു. 2024 ൽ 3.16 ലക്ഷം പേരാണ് നായ്ക്കളുടെ കടിയേറ്റു ചികിത്സ തേടിയത്. ദിനംതോറും നായ്ക്കളുടെ ഭീഷണി നേരിടുന്നവർ ഒട്ടേറെയാണ്. പാൽ–പത്രം ജീവനക്കാർ, മത്സ്യക്കച്ചവടക്കാർ, ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവർ, സൈക്കിൾ യാത്രക്കാർ, കാൽനടക്കാർ, പുലർകാലസവാരിക്കാർ എന്നിങ്ങനെ എല്ലാവരും ആക്രമിക്കപ്പെടുകയാണ്. വയോജനങ്ങളും കുഞ്ഞുങ്ങളുമാണ് ഏറ്റവുമധികം ആക്രമിക്കപ്പെടുന്നത്. നായ്ക്കളുടെ കടിയേൽക്കുന്നവരിൽ 35 ശതമാനത്തോളം കുട്ടികളാണെന്നാണ് വിലയിരുത്തൽ. മുഖത്തും കൈകളിലുമാണ് കൂടുതലും കടിയേൽക്കുന്നത് എന്നതിനാൽ കുട്ടികളിൽ അപകടസാധ്യത കൂടുതലാണ്. പേപ്പട്ടിയാണ് കടിച്ചതെങ്കിൽ ഇത്തരം അക്രമങ്ങളിൽ പേവിഷം പെട്ടെന്നു തലച്ചോറിൽ എത്താം.

നായയുടെ കടിയേറ്റ് പേവിഷപ്രതിരോധവാക്സിൻ എടുത്തിട്ടും മരണങ്ങൾ ഉണ്ടാകുന്നത് നടുക്കമുളവാക്കുന്നു. 2021നുശേഷം പേ വിഷബാധയ്ക്കുള്ള വാക്സിൻ എടുത്തശേഷം 22 പേർ മരിച്ചെന്നാണ് ആരോഗ്യവകുപ്പിന്റെ കണക്ക്. ഒരിക്കലും ഇങ്ങനെ സംഭവിക്കാൻ പാടില്ലാത്തതാണ്. ജനങ്ങൾ വാക്സിന്റെ ഫലക്ഷമതയെ സംശയിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. കേന്ദ്രസർക്കാർ നിയോഗിച്ച വിദഗ്ധസമിതി വാക്സിനു പൊതുവായ ഗുണമേന്മ ഉണ്ടെന്നാണ് കണ്ടെത്തിയത്. എന്നാൽ, പ്രഥമശുശ്രൂഷയിലോ, ഇമ്യൂണോ ഗ്ലോബുലിൻ കുത്തിവയ്ക്കുന്നതിലോ, വാക്സിൻ സൂക്ഷിക്കുന്നതിലോ, ഉണ്ടാകുന്ന പിഴവുകൾ, വാക്സിനേഷൻ ഷെഡ്യൂൾ പൂർത്തിയാക്കാത്തത്, ശരീരം ആന്റി ബോഡി ഉത്പാദിപ്പിക്കാത്ത അവസ്ഥ (അഞ്ചു വർഷത്തിനുള്ളിൽ വാക്സിനെടുത്ത എല്ലാവരിലും പ്രതിരോധത്തിനുള്ള 'പ്രൊട്ടക്റ്റീവ് ആന്റിബോഡി' ഉണ്ടെന്നു കണ്ടെത്തിയിട്ടുണ്ട്. വാക്സിനെടുത്തവരിൽ രാജ്യാന്തരമാനദണ്ഡമനുസരിച്ചുള്ള പ്രതിരോധം രൂപപ്പെടുന്നുണ്ടെന്ന് 2022ൽ സംസ്ഥാനസർക്കാർ നിയോഗിച്ച വിദഗ്ധസമിതിയും കണ്ടെത്തിയിരുന്നു) വാക്സിന്റെ ഫലക്ഷമതയിലെ കുറവ്, വാക്സിൻ സംഭരണകേന്ദ്രത്തിലോ അത് ഒരു സ്ഥലത്ത് നിന്നു മറ്റൊരിടത്തേക്കു കൊണ്ടുപോകുമ്പോൾ ഉണ്ടാകുന്ന താപവ്യത്യാസംമൂലമുള്ള പ്രശ്നങ്ങൾ എന്നിങ്ങനെ നിരവധി കാരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു.



പ്രതിരോധവാക്സിനെടുത്തിട്ടും പേവിഷബാധയുണ്ടാകാൻ ഇടവരുത്തുന്നുവെന്നത് ഏറെ ആശങ്കയുളവാക്കുന്ന കാര്യമാണ്. ഇക്കാര്യത്തിൽ ജനങ്ങളിൽ ഉണ്ടാകുന്ന ആശങ്ക എത്രയും വേഗം ശാസ്ത്രീയവസ്തുതകളുടെ അടിസ്ഥാനത്തിൽ ദൂരീകരിക്കാൻ സർക്കാരിന് ഉത്തരവാദിത്വമുണ്ട്. അപാകതകൾ കണ്ടെത്തി പരിഹരിക്കുകയും ഇക്കാര്യത്തിൽ അതീവജാഗ്രത പുലർത്തുകയും വേണം.

പ്രഥമശുശ്രൂഷയും എത്രയും വേഗം പ്രതിരോധ കുത്തിവയ്പെടുക്കുന്നതും പേ വിഷബാധയെ തടയുന്നതിൽ അതീവ നിർണായകമാണ്.

പ്രതിരോധകുത്തിവെയ്പ് എടുക്കുന്നതിനു മുമ്പുതന്നെ മുറിവ് സോപ്പും വെള്ളവും ഉപയോഗിച്ച് 15 മിനിറ്റെങ്കിലും കഴുകി പരമാവധി വൈറസുകളെ നീക്കുന്നത് ഗുണപ്രദമാണ്. മൃഗങ്ങളുടെ കടി, മാന്തൽ എന്നിവയിലൂടെ മുറിവുണ്ടായാൽ ആ ഭാഗം എത്രയും പെട്ടെന്ന് സോപ്പുപയോഗിച്ചു കഴുകണം. പൈപ്പിൽനിന്നു വെള്ളം തുറന്നുവിട്ട് കഴുകുന്നതാണ് ഉത്തമം. സോപ്പുപയോഗിച്ചു കഴുകിയാൽ 70 ശതമാനം അണുബാധ ഇല്ലാതാകുമെന്ന് വൈദ്യശാസ്ത്രം പറയുന്നു.

1964ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമത്തിലെ പതിനൊന്നാം വകുപ്പുപ്രകാരം തെരുവുനായ്ക്കളെ കൊല്ലാൻ അനുവാദം ഉണ്ടായിരുന്നു. എന്നാൽ, 2001 ലെ മൃഗപ്രജനന നിയന്ത്രണ (അനിമൽ ബർത്ത് കൺട്രോൾ–എബിസി) ചട്ടം നായ്ക്കളെ കൊല്ലുന്നതു വിലക്കി. വന്ധ്യംകരണത്തിലൂടെ തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കണം എന്നാണ് വ്യവസ്ഥ. സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങൾ 2001 മുതൽ എബിസി പ്രോഗ്രാം നടപ്പാക്കിയിരുന്നെങ്കിൽ ഇത്ര രൂക്ഷമായ സാഹചര്യം ഉണ്ടാകുമായിരുന്നില്ല. 2015–16 മുതലാണ് ഇവിടെ എബിസി നടപ്പാക്കിത്തുടങ്ങിയത്. 2016 മുതൽ 2024 വരെയുള്ള എട്ടുവർഷം സംസ്ഥാനത്ത് വന്ധ്യം കരണം നടത്തിയത് 1.16 ലക്ഷം തെരുവു നായ്ക്കളെ മാത്രമാണ്. എല്ലാ തെരുവു നായ്ക്കളെയും വന്ധീകരിക്കുമെന്നും തദ്ദേശസ്ഥാപനങ്ങളിൽ ഷെൽറ്റർ ഹോമുകൾ തുറക്കുമെന്നുമുള്ള സർക്കാർ പ്രഖ്യാപനം ഇതുവരെ നടപ്പാക്കിയിട്ടില്ല. ഷെൽറ്റർ ഹോം സംസ്ഥാനത്ത് ഒരിടത്തും ആരംഭിച്ചിട്ടുമില്ല. തെരുവുനായ്ക്കളെ പിടികൂടി പാർപ്പിക്കാൻ അഭയകേന്ദ്രങ്ങൾ പ്രായോഗികമല്ലെന്നും ജനങ്ങൾ ഷെൽറ്റർഹോമുകൾ തുറക്കാൻ എതിരാണെന്നുമാണ് വകുപ്പുമന്ത്രി ഇപ്പോൾ പറയുന്നത്. കോടികൾ ഫണ്ട് അനുവദിക്കുന്നുണ്ടെങ്കിലും എബിസി ചട്ടം അനുശാസിക്കുന്ന നിയന്ത്രണനടപടികൾ കാര്യക്ഷമമായി നടക്കുന്നില്ല. 15 എബിസി കേന്ദ്രങ്ങളാണ് സംസ്ഥാനത്തുള്ളത്. അവയിൽ പലതും ഇപ്പോൾ പ്രവർത്തിക്കുന്നുമില്ല.

തെരുവിൽ നായ്ക്കളുടെ കടികൊണ്ടു മരിക്കുന്നത് സാധാരണക്കാരുടെ മക്കളാണ്. നിയമം പറയുന്നവരും നടപ്പാക്കുന്നവരും അവരുടെ മക്കളും കാറിൽ സഞ്ചരിക്കുന്നതിനാൽ അവർക്കു നായ്ക്കളെ പേടിക്കേണ്ടിവരുന്നില്ല. ഉപദ്രവകാരികളായ വന്യമൃഗങ്ങളെ വെടിവെച്ചു കൊല്ലാൻ അനുമതി ഉണ്ടെങ്കിലും നമ്മുടെ കുഞ്ഞുങ്ങളെ കടിച്ചുകൊല്ലുന്ന നായ്ക്കളെ തൊടാൻ പറ്റാത്ത അവസ്ഥയാണ്. നായപ്രേമവുമായി രംഗത്തിറങ്ങുന്നവരുടെ പിന്നിൽ വമ്പൻ വാക്സിൻ ലോബികളാണെന്നു പറയപ്പെടുന്നു. മൃഗങ്ങൾക്കെതിരെയുള്ള ക്രൂരതയാണ് പ്രശ്നമെങ്കിൽ എന്തുകൊണ്ടാണ് നായ്ക്കളുടെ കാര്യത്തിൽ മാത്രം ഇവർ താത്പര്യമെടുക്കുന്നത്? ഭക്ഷണത്തിനായി എത്രയോ മൃഗങ്ങളെ കൊല്ലുന്നു; കൊന്നു തിന്നുന്നു!

തെരുവിൽ അല്ല നായ്ക്കളെ വളർത്തേണ്ടത്. ലോകത്തൊരിടത്തും തെരുവിൽ നായ്ക്കളെ വളർത്തുന്നുമില്ല. ഉത്തരേന്ത്യയിലെ ഗോശാലകൾ പോലെ നമുക്കു ശ്വാനാലയങ്ങൾ തുറക്കാം. അത്തരം ഷെൽറ്ററുകൾ ജനവാസമേഖലയിൽനിന്ന് അകലെയാവണം. മൃഗസ്നേഹികൾക്ക് അവിടെച്ചെന്ന് അവരെ പരിപാലിക്കാം, ദത്തെടുക്കാം, അരുമയായി പോറ്റി വളർത്താം.

തെരുവുനായ്ക്കൾക്കു ഭക്ഷണമായിത്തീരുന്ന മാലിന്യത്തിന്റെ ലഭ്യതയാണ് അവയുടെ വ്യാപനത്തിന് ഒരു പ്രധാന കാരണം. വഴിയോരക്കടകളിൽനിന്നുള്ള ഭക്ഷണാവശിഷ്ടങ്ങൾ വേണ്ടതുപോലെ സംസ്കരിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. മാലിന്യക്കൂമ്പാരം പെരുകാതിരിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സമൂഹവും നിരന്തരജാഗ്രത പുലർത്തണം. വന്ധ്യംകരിച്ചാലും നായ്ക്കൾ കടിക്കും. എന്നാലും, എബിസി പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ ഫലപ്രദമായി നടപ്പാക്കാൻ സർക്കാർ തയ്യാറാവുക.

നായ്ക്കളുടെ വന്ധ്യംകരണം അഥവാ അനിമൽ ബർത്ത് കൺട്രോൾ പദ്ധതി മാത്രമാണ് തെരുവുനായനിയന്ത്രണത്തിനുള്ള ഏകപോംവഴി എന്ന സമീപനം സംസ്ഥാനത്ത് പേവിഷബാധ കേസുകൾ വർദ്ധിപ്പിക്കുമെന്നു വെറ്ററിനറി ഡോക്ടർമാരുടെ പ്രൊഫഷണൽ സംഘടനയായ ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ, കേരള പറഞ്ഞു. മറ്റു മാർഗങ്ങളെക്കുറിച്ചും വന്ധ്യംകരണത്തിന്റെ പ്രയോഗികതയെക്കുറിച്ചും മാറിച്ചിന്തിക്കണം എന്നാണ് വെറ്ററിനറി ഡോക്ടർമാരുടെ അഭിപ്രായം.

പേപിടിച്ചുള്ള ദാരുണമരണത്തിലേക്കു സർക്കാർ ജനങ്ങളെ ഇനിയും തള്ളിവിടരുത്. സർവകക്ഷിയോഗം വിളിച്ചുചേർത്ത് കൂടുതൽ ഫലപ്രദമായ മാർഗങ്ങൾ തേടണം. അധികാരികൾ നിഷ്ക്രിയത്വം തുടർന്നാൽ ജനങ്ങൾ സഹികെട്ട് നിയമം കൈയിലെടുത്തേക്കാം. കാട്ടുപന്നികളുടെ ഉപദ്രവം കൊണ്ട് സഹികെട്ട ജനം തിരിച്ചടിച്ചപ്പോൾ ചത്ത കാട്ടുപന്നിയുടെ പിറകേപോകേണ്ടെന്ന് ഉദ്യോഗസ്ഥരോട് മുഖ്യമന്ത്രി പറഞ്ഞത് തെരുവു നായ്ക്കളുടെ കാര്യത്തിലും നടപ്പാക്കിയാൽ മതി. പ്രശ്നത്തിന് എളിയ തോതിൽ പരിഹാരമാകും. തെരുവു നായ്ക്കളില്ലാത്ത കേരളത്തിനായി ഒന്നിക്കാം. പേപ്പട്ടികളിൽനിന്നു കേരളജനതയെ രക്ഷിക്കാം.

■

# മുല്ലപ്പെരിയാറ്റിൽ മുട്ടിത്തിരിയുന്ന കേരളം



## പുതിയ തുരങ്കവും ജലസംഭരണിയും ശാശ്വതപരിഹാരം

■ കെ. ജോയ് ജോസഫ്

135 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ദുർബലാവസ്ഥയെക്കുറിച്ചു വിശദീകരിക്കേണ്ടതില്ല. സുർക്കി മിശ്രിതമുപയോഗിച്ച് പഴയ സാങ്കേതികവിദ്യയിൽ നിർമിച്ചതാണിത്.

ജലനിരപ്പ് 136 അടിയിൽ നില്ക്കുമ്പോൾ റിക്ടർ സ്കെയിലിൽ 6.5 തീവ്രതയുള്ള ഭൂകമ്പമുണ്ടായാൽ അണക്കെട്ടിനു താങ്ങാൻ കഴിയില്ലെന്ന് ഐ ഐ ടി റൂർക്കിയുടെ പഠനങ്ങൾ പറയുന്നു. അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്ത് 48 മണിക്കൂർ നീളെ അതിതീവ്ര മഴ പെയ്താൽ അതു തകരാം. അണക്കെട്ട് കവിഞ്ഞൊഴുകുകയും മറിഞ്ഞുവീഴുകയും ചെയ്യാം. മേഘസ്ഫോടനങ്ങളുടെ സമീപകാല ഉദാഹരണമാണ് വയനാട്.

പെരിയാർ ദേശീയോദ്യാനം അണക്കെട്ടിനു ചുറ്റുമുണ്ടെന്ന കാര്യം നാം മറക്കരുത്. ഇതു കടുവകളുടെയും ആനകളുടെയും സംരക്ഷണകേന്ദ്രമാണ്. ജൈവവൈവിധ്യത്തിന്റെ ഒരു കേന്ദ്രം. ഇങ്ങനെ അനേകം രാഷ്ട്രീയ, പരിസ്ഥിതി, വന്യജീവി, നിയമ, സാങ്കേതിക, സാമ്പത്തിക, വൈകാരികപ്രശ്നങ്ങൾ കാരണം ഒരു പുതിയ അണക്കെട്ടു നിർമിക്കുക അത്ര എളുപ്പമല്ല. തമിഴ്നാട്ടിൽ 39 എംപിമാരുണ്ട്. രാഷ്ട്രീയ കാരണങ്ങളാൽ കേന്ദ്രം തമിഴ്നാടിനെ അനുകൂലിക്കും.

പുതിയ അണക്കെട്ട് അത്ര എളുപ്പമല്ലെന്നു വാദിക്കുന്നതിനുള്ള ഒരു പ്രധാന കാരണം, നിലവിലുള്ള കരാർ തമിഴ്നാടിന് അനുകൂലമാണെന്നതാണ്. അതിനാൽ അവരുടെ സമ്മതമില്ലാതെ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല. മറ്റൊരു കാരണം കൂടിയുണ്ട്. നിലവിലെ കരാർപ്രകാരം അണക്കെട്ടിന്മേൽ തമിഴ്നാടിന് സമ്പൂർണനിയന്ത്രണമുണ്ട്. പുതിയ അണക്കെട്ടു നിർമിക്കുന്നതിന് ഒരു പുതിയ കരാർ ആവശ്യമാണ്. പക്ഷേ അതുവഴി തമിഴ്നാടിന് അവരുടെ ഏകാധിപത്യം നഷ്ടപ്പെടുമെന്നതിനാൽ അവർ പുതിയ കരാറിനോ അണക്കെട്ടിനോ വഴങ്ങാൻ മടിക്കും.


തമിഴ്നാട് തങ്ങളുടെ അറ്റകുറ്റപ്പണികളിൽ ആത്മവിശ്വാസം പുലർത്തുന്നുണ്ടാകാം. അതുകൊണ്ടായിരിക്കാം അവർ പുതിയ അണക്കെട്ടിനെ എതിർക്കുന്നത്. അങ്ങനെയെങ്കിൽ അവർ സീപ്പേജ് അളവെടുപ്പിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തട്ടെ. അണക്കെട്ടിന്റെ അണ്ടർവാട്ടർ ഫോട്ടോഗ്രാഫി അനുവദിക്കട്ടെ. ഇത് ഡാമിന്റെ അടിത്തട്ടിലെ അറകൾ വെളിപ്പെടുത്തും. പക്ഷേ, സീപ്പേജ് കണക്കുകൾ കൃത്യമായിരിക്കില്ല. പഴയ അണക്കെട്ടിനു ഡ്രെയിനേജ് ഗാലറിയില്ല. ഗാലറി പുതിയ ആർസിസി കവറിങ്ങിലാണ്. അതിനാൽ നല്ലൊരു അളവിൽ സീപ്പേജ് വെള്ളം സുർക്കി നിർമിതിക്കും കോൺക്രീറ്റ് പാളിക്കും ഇടയിലൂടെ കടന്നുപോകും. അതു ഗാലറിയിലേക്കു വരില്ല.

ഭാഷയുടെയും വെള്ളത്തിന്റെയും കാര്യത്തിൽ തമിഴ്നാട് ജനത വളരെ സെൻസിറ്റീവാണ്. നമുക്ക് അനുകൂലമാണെങ്കിൽ പോലും നിയമപരമായ ഒരു പരിഹാരം ലഭിക്കാൻ വർഷങ്ങളെടുക്കും.

**തമിഴ്നാട് സർക്കാർ നടത്തിയ ചില ബലപ്പെടുത്തലുകൾ**

- അണക്കെട്ടിന്റെ പിൻഭാഗത്ത് 10 മീറ്റർ കട്ടിയുള്ള ആർസിസി ആവരണം നൽകിയിരിക്കുന്നു. ഇത് താഴെനിന്ന് 145 അടി വരെ ഉയരമുള്ളതാണ്. എന്നാൽ, ഉൾഭാഗം സുർക്കിനിർമിതമാണ്. സുർക്കിയും കോൺക്രീറ്റും വ്യത്യസ്ത വസ്തുക്കളാണ്. അവ ഏകതാനമോ ഏകശിലാരൂപമോ അല്ല. ഭൂകമ്പസമയത്ത് അവ വെവ്വേറെ പ്രവർത്തിക്കും.
- ജലനിരപ്പിനു മുകളിൽ സിമന്റ് കോൺക്രീറ്റ് ചെയ്തിരിക്കുന്നു. സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചാണ് ഗ്രൗട്ടിങ്. സിമന്റ് കോൺക്രീറ്റും സുർക്കിയും രണ്ടു വ്യത്യസ്തവസ്തുക്കളാണ്. അതിനാൽ അത് നിഷ്പ്രയോജനമാണ്.
- അണക്കെട്ടിന്റെ മുകളിൽ ആർസിസി ക്യാപ്പിങ് നടത്തിയിരിക്കുന്നു. ഇത് സുർക്കി നിർമിതിയുടെ ലോഡ് വർദ്ധിപ്പിക്കും. ഇത് അണക്കെട്ടിനെ സമ്മർദത്തിലാക്കുന്നു.
- കേബിൾ ആങ്കറിങ് നടത്തുന്നു. ഇതു ഫലപ്രദമല്ല. നിർമാണം കോൺക്രീറ്റിൽ മാത്രമാണെങ്കിൽ കേബിൾ ആങ്കറിങ് നടത്താം. എന്നാൽ ഇവിടെ, മുകളിലെ കോൺക്രീറ്റിനുകീഴിൽ സുർക്കി നിർമിതിയാണ്. രണ്ടു വ്യത്യസ്ത വസ്തുക്കൾ. ഇടയിൽ ധാരാളം ഒഴിഞ്ഞ ഇടങ്ങൾ ഉണ്ട്. ഇതിലൂടെ ആങ്കറിങ് കേബിളുകൾ കടന്നുപോകുന്നു. അതിനാൽ അത്ര ഫലപ്രദമല്ല.

2011 ൽ നടന്ന സ്കാനിങ്ങിൽ തെറ്റായ അറ്റകുറ്റപ്പണികൾ കാരണം അണക്കെട്ടിൽ തകരാറുകൾ സംഭവിച്ചതായി കണ്ടെത്തുകയുണ്ടായി.



മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ്: കഴിഞ്ഞയാഴ്ചയിലെ ചിത്രം

**പുതിയ അണക്കെട്ട്**

ഭൂകമ്പസാധ്യതയുള്ള സ്ഥലത്തിനു സമീപം പുതിയൊരു അണക്കെട്ട് എങ്ങനെ നിർമിക്കാം? പുതിയ അണക്കെട്ടിന്റെ അടിത്തറയ്ക്കായി വളരെ ആഴത്തിൽ കുഴിക്കലും സ്ഫോടനവും എങ്ങനെ നടത്താൻ കഴിയും? അണക്കെട്ടിലെ ജലനിരപ്പ് 136 അടിയാണ്. നിലവിലുള്ള അണക്കെട്ടിനെ ബാധിക്കാതെ നമുക്ക് ഇതെല്ലാം ചെയ്യാൻ കഴിയുമോ?

നിലവിലുള്ളതിനു തുല്യമായ അളവ് വെള്ളം പുറത്തേക്ക് ഒഴുകിപ്പോകണമെങ്കിൽ പുതിയ അണക്കെട്ടിന്റെ ഉയരം വർധിപ്പിക്കേണ്ടിയിരിക്കുന്നു. കാരണം, പുതിയ അണക്കെട്ട് ഇപ്പോഴത്തെ അണക്കെട്ടിന്റെ താഴെ ഭാഗത്താണു വരുന്നത്. അതിനാൽ കൂടുതൽ വനങ്ങൾ വെള്ളത്തിനടിയിലാകും. ഇത്തരം കാരണങ്ങളാൽ പുതിയ അണക്കെട്ട് പ്രായോഗികമല്ല.

അണക്കെട്ട് പൊളിച്ചുമാറ്റണമെന്ന് ആളുകൾ ആവശ്യപ്പെടുന്നു. അണക്കെട്ട് പൊളിച്ചുമാറ്റുകയെന്നാൽ അണക്കെട്ട് പ്രവർത്തിക്കാതിരിക്കുക അഥവാ പ്രവർത്തനരഹിതമാക്കുക എന്നതാണ്. അതാണ് ഡീക്കമ്മീഷൻ ചെയ്യുക എന്നതിന്റെ അർഥം. എന്നാൽ, ഈ അണക്കെട്ടിന്റെ അടിത്തട്ടിൽനിന്നു വെള്ളം പുറത്തേക്ക് ഒഴുക്കിവിടാൻ കഴിയില്ല. ഇപ്പോഴത്തെ തുരങ്കം 104.50 അടി ഉയരത്തിൽനിന്നാണ് ആരംഭിക്കുന്നത്. അതിനാൽ എപ്പോഴും അണക്കെട്ടിൽ അത്രയും അടി ഉയരം വെള്ളം ഉണ്ടാകും. ഇത് കേരളത്തിന് വലിയ അപകടമാണ്.

**ടണൽ ഓപ്ഷൻ എന്തുകൊണ്ട്?**

നിലവിലുള്ള മുല്ലപ്പെരിയാർ അണക്കെട്ട് ഒരു ഡൈവേർഷൻ വെയറായി നിലനിർത്തുക. ജലനിരപ്പ് 50 അടിയായി കുറയ്ക്കുക. ജലപ്രവാഹം വർദ്ധിപ്പിക്കുന്നതിനു ഒരു പുതിയ തുരങ്കം നിർമിക്കുക. ടണലിന്റെ വലുപ്പം, നീളം തുടങ്ങിയ വിശദാംശങ്ങൾ എഞ്ചിനീയർമാർക്കു തയ്യാറാക്കാം. തമിഴ്നാട്ടിൽ നിർമിക്കേണ്ട പുതിയ സംഭരണിയുടെ വിശദാംശങ്ങൾ അവർക്കു തയ്യാറാക്കാം. അണക്കെട്ടിലെ ജലനിരപ്പ് കുറയുമ്പോൾ റിസ്ക് ഫാക്ടറും കുറയും.

തമിഴ്നാട്ടിൽ ജനസാന്ദ്രത കുറവാണ്. ഭൂമി ധാരാളമായി ലഭ്യമാണ്. വന്യജീവി, വനം, പരിസ്ഥിതിപ്രശ്നങ്ങൾ ഗുരുതരമല്ല. അതിനാൽ പുതിയ അണക്കെട്ടുകൾ നിർമിക്കുന്നതിനോ വലിയ ജലസംഭരണികൾ നിർമിക്കുന്നതിനോ അവർക്ക് എളുപ്പത്തിൽ സ്ഥലം കണ്ടെത്താൻ കഴിയും. വലിയ തോതിലുള്ള പുനരധിവാസം ആവശ്യമില്ല.

വൈഗ അണക്കെട്ടുപോലെ തമിഴ്നാട്ടിൽ മൂന്നോ നാലോ വലിയ ജലസംഭരണികൾ നിർമിക്കാൻ തമിഴ്നാട് സർക്കാരിനോടാവശ്യപ്പെടുക. മുല്ലപ്പെരിയാർ അണക്കെട്ടിൽനിന്നുള്ള ജലം പുതിയ തുരങ്കത്തിലൂടെ സംഭരിക്കുന്നതിനാണിത്. പശ്ചിമഘട്ടത്തിന്റെ കിഴക്കൻചരിവിലാണ് ഈ നിർമാണം നടത്തേണ്ടത്.

തുരങ്കനിർമാണവും അതോടൊപ്പം ആരംഭിക്കുക. ചെലവ് കേരള സർക്കാർ വഹിക്കുമെന്ന് ഒരു കരാർ ഉണ്ടാക്കുക. മുല്ലപ്പെരിയാറ്റിൽനിന്ന് ഒരു തുള്ളി വെള്ളംപോലും ഞങ്ങൾക്കു വേണ്ടെന്ന് തമിഴ്നാടിനോടു പറയുക. സുരക്ഷ മാത്രമാണ് നമുക്കു വേണ്ടത്. മുല്ലപ്പെരിയാറ്റിൽനിന്നു മുഴുവൻ വെള്ളവും നൽകാമെന്ന് തമിഴ്നാടുമായി ഒരു കരാർ ഉണ്ടാക്കുക.

**ജനങ്ങളുടെ സുരക്ഷ**

അതേസമയം, പുതിയ തുരങ്കം നിർമിച്ച് ജലനിരപ്പ് കുറച്ചതിനു ശേഷവും, ഒരു ദുരന്തമുണ്ടായാൽ, അണക്കെട്ടിന്റെ കീഴിലുള്ള ആളുകളെ സംരക്ഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുക.

ദുരന്തമുണ്ടായാൽ ഉപയോഗിക്കുന്നതിനായി ഷെൽട്ടറുകൾ നിർമിക്കുക. അടിയന്തരോപയോഗത്തിനായി റോഡുകൾ നിർമിക്കുക. നേരത്തേയുള്ള മുന്നറിയിപ്പുസംവിധാനങ്ങൾ ക്രമീകരിക്കുക.

വൻകിട കമ്പനികൾക്ക് പാട്ടത്തിനു നൽകിയിട്ടുള്ള ലക്ഷക്കണക്കിന് ഏക്കർ ഭൂമിയുണ്ട്. അവരുടെ പാട്ടക്കാലാവധി കഴിഞ്ഞു. ആവശ്യം വന്നാൽ സർക്കാരിന് ഈ ഭൂമി തിരിച്ചുപിടിച്ച് ദുരിതബാധിതരെ പുനരധിവസിപ്പിക്കാം.

**കേരളവും തമിഴ്നാടും തമ്മിലുള്ള ഒരു രാഷ്ട്രീയഒത്തുതീർപ്പിലൂടെ മാത്രമേ പ്രശ്നം പരിഹരിക്കാൻ കഴിയൂ.**

■

നോവൽ 21

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ

**പാ**റേലമ്മയെ കണികണ്ടുകൊണ്ടാണ് ലിസി ഉണർന്നെണീറ്റത്.

ആ അമ്മ പറഞ്ഞു: "ലിസിക്കുട്ടി ഭാഗ്യമൊള്ളോളാ, ഇരിക്കപ്പൊറുതിയില്ലാഞ്ഞിട്ടാ രാത്രി, അസമയത്ത് ഞാൻ രാജുമോനെ പറഞ്ഞുവിട്ടത്. ഈ കല്യാണം നടക്കണം. ഒടുക്കം ഈയുള്ളവരെയൊക്കെ ഓർത്തേച്ചാമതി."

അമ്മയാണതിന്റെ മറുപടി പറഞ്ഞത്: ''അവളു പിന്നെ ഓർക്കാതിരിക്കുമോ, ആരേ മറന്നാലും അവളമ്മയെ മറക്കില്ല."

''അവര് മൂന്നുമണിയോടെ വരും, ഈയിടെ വാങ്ങിയ ബെൻസ് കാറേലാ വരുന്നത്. എന്റെ പെണ്ണമ്മയ്ക്ക് ആകെയുള്ള ഒരു സന്തതിയാ അവൻ. ഇട്ടുമൂടാനുള്ള പണം വല്യപ്പന്റെ സമ്പാദ്യമായിട്ടുണ്ട്. അവന്റെ കുഞ്ഞുപ്രായത്തിൽ അപ്പൻ മരിച്ചതാണ്, അപ്പൻ പേരെടുത്ത കോൺട്രാക്റ്ററായിരുന്നു, അപ്പനും കുറേസ്വത്തുക്കൾ സമ്പാദിച്ചിട്ടുണ്ട്. വല്യപ്പച്ചൻ മരിച്ചിട്ട് രണ്ടുമാസമേ ആയിട്ടൊള്ളൂ. എല്ലാ സ്വത്തിന്റേം ഏകയവകാശിയാണവൻ. സ്വഭാവമഹിമയുള്ളവനാ. ബാല്യംമുതൽ മിടുമിടുക്കനായി പഠിച്ചു. എൻജിനീയറാണ്. ഇംഗ്ലണ്ടിലാ പഠിച്ചത്, അവിടെ ഷിപ്പേൽ കുറെക്കാലം ജോലിചെയ്തു, ഇപ്പം അമേരിക്കേൽ സാൻഫ്രാൻസിസ്കോയിലാണ്. കല്യാണം കഴിഞ്ഞ് പെണ്ണിന്റെയൊപ്പം അവന്റമ്മേം കൊണ്ടുപോകാനാ പ്ലാൻ. അവളിവിടെ ഒറ്റയ്ക്കല്ലേ."

അമ്മ പറഞ്ഞു: "ആ സാജൂനെയിങ്ങു വിളിച്ചേ, കുരിയാച്ചന്റെ വീട്ടീന്ന് നാഴി പാലു വാങ്ങിച്ചോണ്ടു വരാമ്പറ, മൂന്നുമണിക്കുമുന്നേ ഒരു ലിറ്ററൂടെ തരാൻ പറകേം വേണം."

പാറേലമ്മയോടായിട്ട് അമ്മ പറഞ്ഞു: "ഇവിടെയിപ്പം കറവയില്ല, പശൂ ചനനെറഞ്ഞു നിക്വാ."

എളുപ്പത്തിലൊരുകാപ്പിയിട്ട്, അമ്മയുടെ ഇഷ്ടചങ്ങാതിയെ നിർബ്ബന്ധിച്ചു കുടിപ്പിച്ചു.

"എന്നാ ഞാമ്പോട്ടെ, അവരങ്ങോട്ടുവരും, എന്നെ ഒപ്പംകൂട്ടാൻ. എന്നെക്കൂടെക്കൂട്ടി അഞ്ചുപേരുകാണും."

പാറേലമ്മ പൊട്ടിച്ചിരിച്ചുകൊണ്ടു തുടർന്നു: ''എന്നെ ഒരു ബ്രോക്കറായിട്ടാരും കാണാതിരുന്നാമതി."

ലിസിയെ മാറ്റിനിർത്തി പാറേലമ്മ പറഞ്ഞു: "ബേബിച്ചൻ പറഞ്ഞ് എല്ലാം ഞാനറിഞ്ഞു, പൈസ ഇല്ലല്ലോന്നോർത്തു കരഞ്ഞ മുഖമൊന്നും കാണിക്കണ്ടാ, അവൻ ആദർശവാനാ. നയാപ്പൈസാ സ്ത്രീധനം വേണ്ടാ. ലിസിമോക്കണിയാനുള്ള സ്വർണ്ണോമവരു കൊണ്ടിട്ടോളും, ഞാൻ മോടെ മേൽവിലാസം കൊടുത്തിരുന്നു. കത്തുവല്ലോം കിട്ടിയോ?"

ലിസി ചിരിയൊതുക്കിയിട്ടു പറഞ്ഞു: "ങും കിട്ടി."

''അമ്പടീ കള്ളീ, എന്നിട്ടു മിണ്ടാതിരിക്വാ."

"അതു വന്നിട്ടൊത്തിരിയായി, മേഴ്സിച്ചേച്ചിയുടെ കല്യാണംവരെ കാത്തിരിക്കാം എന്നുമാത്രമേ അന്നെഴുതീട്ടൊള്ളൂ."

''എന്നിട്ടാണോ കരഞ്ഞു നടന്നത്?"

"അതു പിന്നെ ജോലീം കിട്ടിയില്ല. വീട്ടിലാണേൽ കാശുമില്ലാതെ കടോമായി. ചേച്ചീടെ കല്യാണം കഴിഞ്ഞെത്രൈത്ര കാലമായി, ഞാനാ എഴുത്തിന് മറുപടീമിട്ടില്ല, ആ ആലോചന വിട്ടുപോയെന്നാ ഞാനോർത്തേ."

"ഞാഞ്ചെല്ലട്ടേ, അവരു വരുമ്പഴത്തേക്ക് വീടൊന്നു തൂത്തു തൊടച്ചിടട്ടേ."

"പിന്നെ ബിന്ദുമോൾ കൊണ്ടെത്തന്ന ആ ഫോട്ടോകൾ എനിക്കു തന്നേക്കണേ, അതുമായി മുങ്ങല്ലേ? അപ്പുമോനയച്ചു തന്നതാ."

ലിസിയും ആ അമ്മയും പൊട്ടിച്ചിരിച്ചു.

പാറേലമ്മ പോയി.

അവൾ മുറിയിൽക്കയറി, കതകുകൾ അടച്ചുകുറ്റിയിട്ടിട്ട്, ഒരു കുഞ്ഞാൽബമെടുത്ത് തുറന്നുനോക്കി.

ഒരു ഫാമിലിഫോട്ടോ, വ്യത്യസ്തപോസിൽ ഒറ്റയ്ക്കുള്ള രണ്ടു ഫോട്ടോസ്. പിന്നെ കൂട്ടുകാരുമൊത്തു നില്ക്കുന്ന ഒരു ഫോട്ടോ. അവളറിയാതെ അവളുടെ ചുണ്ടുകൾ ചലിച്ചു: "കൂട്ടത്തിൽ ഏറ്റവും സുന്ദരൻ ഇദ്ദേഹം തന്നെയാ."

ആൽബത്തിൽനിന്നു കണ്ണുമാറ്റാൻ തോന്നിയില്ല, എന്നാലും ആരും കാണാതെ അതവൾ പെട്ടിയിൽ തുണിക്കടിയിൽ വിരിച്ച പത്രത്തിന്റെ കീഴിലാക്കി ഒളിപ്പിച്ചുവച്ചു.

ജാക്സൺ പറഞ്ഞു: "പെണ്ണു കോളടിച്ചല്ലോ, വല്യ സങ്കടമാരുന്നല്ലോ ജോലികിട്ടിയില്ലേന്നു പറഞ്ഞ്, ദേയിപ്പം ഫോറിൻകാരനായ എൻജിനീയറേയല്ലേ കിട്ടുന്നത്. തമ്പുരാനേ ഇവടെ തലേൽ വരച്ച ആ കോലുകൊണ്ട് എന്റെ ചന്തിയേലൊന്നു വരച്ചിരുന്നേൽ ഞാനും രക്ഷപ്പെട്ടേനെ."

ലിസി പറഞ്ഞു: ''ഉറപ്പിച്ചില്ലല്ലോ, കാണാൻ വരുന്നതല്ലേയുള്ളൂ."

കൃത്യം മൂന്നുമണിക്ക് അവരെത്തി. മുമ്പേ പറഞ്ഞതുപോലെ അഞ്ചുപേരുണ്ട്. അമ്മ എല്ലാവർക്കും മുറ്റത്തെ ഗൗളിത്തെങ്ങിൽനിന്നു പിരിച്ചെടുത്ത ഇളനീരുകൊടുത്തു. മധുരമുള്ള കരിക്കിൻവെള്ളം അവരാസ്വദിച്ചു കുടിച്ചു.

അപ്പനുമമ്മയും കൊച്ചുകൊച്ചപ്പച്ചനും വല്യമ്മച്ചിയുംഅമ്മയുടെ മൂത്താങ്ങളയും കാര്യങ്ങളോരോന്നും ചോദിച്ചറിഞ്ഞ് പരസ്പരം പരിചയപ്പെട്ടു.

അമ്മാച്ചൻ പറഞ്ഞു: "എന്നാ ഇനി കാപ്പി കുടിച്ചോണ്ടു പറയാം." വല്യമ്മച്ചി ഉച്ചത്തിൽ വിളിച്ചു: "ലിസിമോളിങ്ങുവന്നേ."

കാപ്പിക്കപ്പുകൾ നിറച്ച ട്രേ, പരിഭ്രമംകൊണ്ടും ലജ്ജകൊണ്ടും കൈയിൽനിന്നു വീണുപോകാതിരിക്കാൻ, അമ്മ ലിസിയെ സഹായിച്ചു.

നട്സും കേക്കും ബിസ്ക്കറ്റുമാണ് കാപ്പിക്കൊപ്പമുള്ള ചെറുകടികൾ.

അമ്മയുടെ നിർദേശപ്രകാരം ട്രേയിലെ ബ്രൂകോഫി നിറച്ച കപ്പുകൾ പ്രായമുറയ്ക്ക് അവൾ നല്കി. പയ്യൻ ഒരു കവിൾകുടിച്ചുകൊണ്ട് ലിസിയുടെ മുഖത്തേക്കുനോക്കി. അവൾ നാണംകൊണ്ട് കൂമ്പിപ്പോയി. കൊച്ചുകൊച്ചപ്പച്ചൻ ചോദിച്ചു: "എന്താ മോന്റെ പേര്?"

''അപ്രേം എന്നാണ് ഒഫിഷ്യൽ നെയിം, വീട്ടിൽ അപ്പു."

അപ്രേമിന്റെ അമ്മ പറഞ്ഞു:

"മോന് ഓമനപ്പേരുകളുടെ എണ്ണം കൂടുതലാണ്."

അവന്റെ ചാച്ചൻ വിളിച്ചിരുന്ന ചെല്ലപ്പേര് അപ്രേം ലോപിച്ച് അപ്പു എന്നായതാണ്. വല്യപ്പച്ചനും വല്യമ്മച്ചിയും കൗമാ ചൊല്ലിയുണ്ടായ കുട്ടി എന്നു പറഞ്ഞ് കൗമാച്ചൻ എന്ന് ലാളിച്ചു വിളിച്ചു. കൂട്ടുകാരെല്ലാം പ്രേം എന്നും. പാറേലമ്മ പറഞ്ഞു: റൂഹയുടെ കിന്നരം എന്നറിയപ്പെട്ടിരുന്ന അപ്രേം പിതാവിന്റെ പേര്, പിന്നെ യൗസേഫിന്റെ മകനല്ലേ എഫ്രയീം. ദൈവത്താൽ ഏറെ സ്നേഹിക്കപ്പെട്ടവൻ."

ലിസി വല്യപ്പച്ചന്റെ അനുഗ്രഹം ഓർമ്മിച്ചു: "യൗസേപ്പിനെപ്പോലെ നീയനുഗ്രഹിക്കപ്പെടും."

സംസാരം നീണ്ടങ്ങനെപോയി. പയ്യന്റെ അമ്മച്ചി പറഞ്ഞു: "പിള്ളേർക്ക് വല്ലതും സംസാരിക്കാനുണ്ടെങ്കിൽ ആയിക്കോട്ടേ."

രണ്ടുപേർക്കും വാക്കുകൾ മുട്ടിപ്പോയി. അവരുടെ ആദ്യസമാഗമമാണ്. ലിസിയെ സുഖകരമായ ഒരു ലജ്ജ വാരിപ്പുണർന്നു.

കുറേനേരം അവർ പരസ്പരം മൂകമായി നോക്കിനിന്നു.

പിന്നെ അപ്രേം തുടക്കമിട്ടു: ''അമേരിക്കയിൽ വരാനിഷ്ടമാണോ?"

"അതുപിന്നേ..." സംസാരം തുടരാനാകാതെ അവൾ ഗദ്ഗദകണ്ഠയായി.

അപ്പു പറഞ്ഞു: ''ദൈവം അനുഗ്രഹിച്ചാൽ നമുക്കൊന്നിച്ചു പോകാം. അമ്മച്ചിയേയും ഒപ്പം കൂട്ടണം. ചാച്ചനെന്റെ കുഞ്ഞിലേ മരിച്ചതാണ്, പിന്നെ വല്യപ്പച്ചനേം വല്യമ്മച്ചിയേം എന്നേം പരിപാലിച്ചത് അമ്മയാണ്. വല്യമ്മച്ചി കഴിഞ്ഞവർഷം മരിച്ചു. വല്യപ്പച്ചൻ അടുത്തിടെയും. അവരുള്ളപ്പോൾ എന്റെ കല്യാണം നടത്തനാരുന്നു ഞങ്ങൾ അന്നത്രധിറുതി കാട്ടിയത്. എന്നാലിപ്പളല്ലേ ഇവിടുന്ന് പച്ചക്കൊടി കാട്ടിയത്."

"അതുപിന്നെ, മേഴ്സിയുടെയും റോയിച്ചായന്റേയും കാര്യങ്ങൾ നടന്നിട്ടാകാമെന്നു കരുതി. എനിക്കാണേ, ആകെ അപകർഷതാബോധോം. ചേരുന്ന വിദ്യാഭ്യാസോമില്ല, സാമ്പത്തികോമില്ല. അതൊരു ചേർച്ചക്കുറവുപോലെ തോന്നി."

"യു. എസിൽ വന്നാൽ എത്ര വിദ്യാഭ്യാസമുള്ളവരായാലും, നാട്ടിൽ ഏതു പൊസിഷനിലിരുന്നവരായാലും, സീറോയീന്നു തുടങ്ങണം, ഞാൻ സ്വഭാവശുദ്ധിയുള്ള, സുന്ദരിയായ, ബോൾഡായ ഒരു ജീവിതപങ്കാളിയെയാണ് തേടിയത്, ലിസിക്കുട്ടിക്കീ യോഗ്യതകളൊക്കെയുണ്ടെന്നു മനസ്സിലായി. ലിസിക്കു പാസ്പോർട്ടൊണ്ടോ?"

"ഇല്ല."

''പാസ്പോർട്ടിന് അപ്ലൈ ചെയ്യണം. കിട്ടാൻ താമസമൊന്നും വരില്ല, എളുപ്പം കിട്ടും."

പയ്യന്റെ അമ്മച്ചിവന്ന് ലിസിയുടെ നെറുകയിൽ തലോടി, ''ഞങ്ങളിപ്പം പോട്ടേ, നമുക്കു വൈകാതെ കാണാം."

പയ്യന്റെ അമ്മാച്ചനും കൂട്ടത്തിലെ മുതിർന്ന കാരണവരും മുറ്റത്തു മാറിനിന്ന് ചർച്ചകൾ നടത്തുകയാണ്.

അച്ചോയി പറഞ്ഞു: "എന്താ തീരുമാനമെന്നറിയിച്ചാൽ കാര്യങ്ങൾ എളുപ്പമായി."

"അതിനെന്താ ചെറുക്കനും പെണ്ണിനും പരസ്പരം ഇഷ്ടമായെങ്കിൽ, കുടുംബക്കാരു തമ്മിൽ തീരുമാനിക്കുക, കാലതാമസം വേണ്ടാ, മോന്റെ ലീവെളുപ്പം തീരും.'' പയ്യന്റെ കൂട്ടത്തിലെ കാർന്നോരു പറഞ്ഞു.

ഇച്ചാച്ചൻ പറഞ്ഞു: "എന്തിനാ വലിച്ചുനീട്ടുന്നേ, നേരിട്ടു ചോദിക്കാമല്ലോ, മോനിഷ്ടമായോ പെണ്ണിനെ, പിന്നെ എല്ലാർക്കും?"

പയ്യനവന്റെ അമ്മയുടെ മുഖത്തു നോക്കി.

"പറ മോനെ."

അപ്രേമിന്റെയമ്മച്ചി മകനെ പ്രോത്സാഹിപ്പിച്ചു.

"അമ്മയ്ക്കിഷ്ടായോ?"

"എനിക്കിഷ്ടായി, ഇനി മോൻ പറ."

''പ്രോസീഡു ചെയ്തോളൂ, എനിക്കിഷ്ടമാണ്."

വല്യമ്മച്ചി പറഞ്ഞു: "അടുത്ത ബന്ധുക്കൾക്ക് അങ്ങോട്ടുമിങ്ങോട്ടും കാണാനുണ്ട്."

"ആയിക്കോട്ടേ, കാര്യങ്ങളെല്ലാം മുറപോലെ നടക്കട്ടേ, ഒന്നും സ്കിപ്പു ചെയ്യണ്ടാ. ഞങ്ങൾക്ക് പെണ്ണിനെ ഇഷ്ടമായി." പയ്യന്റെ കൂട്ടത്തിലെ തലമൂത്ത കാർന്നോര് ലിസിയെ നോക്കിച്ചിരിച്ചുകൊണ്ടുപറഞ്ഞു. അവൾ എളുപ്പം അവിടെനിന്നു മാറിപ്പോയി, അമ്മയുടെ പിന്നിലൊളിച്ചു.

അതുവരെ മൗനിയായിരുന്ന പാറേലമ്മയുടെ മുഖത്തെ പ്രകാശം ലിസി ശ്രദ്ധിച്ചു.

യാത്ര പറഞ്ഞിറങ്ങാൻ നേരം, പയ്യൻ അപ്പന്റെ രണ്ടുകരങ്ങളും കൂട്ടിപ്പിടിച്ചിട്ട് പറഞ്ഞു; ''ടെൻഷനൊന്നും വേണ്ടാ, എല്ലാം ഭംഗിയായി നടക്കും."

'വരട്ടേ' എന്നു യാത്ര പറഞ്ഞിട്ട്, വണ്ടിയിലിരുന്ന് കൈവീശിക്കാട്ടി അവർ പോയി.

അമ്മ പറഞ്ഞു: "നല്ല മനുഷേരാ, പയ്യൻ ഇച്ചാച്ചനോടു പറഞ്ഞതുകേട്ടില്ലേ, ടെൻഷനൊന്നും വേണ്ടെന്ന്. എന്നിട്ടും, ഇച്ചാച്ചനെന്തൊരു വെപ്രാളമാ."

വല്യമ്മച്ചി പറഞ്ഞു: "നമ്മടെ പെണ്ണ് സുകൃതം ചെയ്തോളാ, നോക്കിക്കേ വല്യവീട്ടിലല്ലേ അവളു വലത്തുകാലു വെച്ചു കേറാമ്പോണെ."



*ശേഷം 10-ാം പേജിൽ*

# കേരളം വിവാദങ്ങളുടെ ലോകവിപണി


ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

വിവാദങ്ങൾ സൃഷ്ടിക്കുന്നതിലും കൊഴുപ്പിക്കുന്നതിലും കേരളത്തിലെ നേതാക്കന്മാരും മാധ്യമങ്ങളും തമ്മിൽ മത്സരിക്കുകയാണ്. വിവാദങ്ങളുടെ ലോകവിപണിയാണ് കേരളം. അടുത്തയിടെയുണ്ടായ വിവാദങ്ങളുടെ വിഷയം എന്തായിരുന്നാലും അതിലെ ഒരു കക്ഷി ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിതന്നെയാണ്. ഏതു വിവാദത്തിന്റെയും ഭാഗമാകാനുള്ള ഭാഗ്യവും യോഗ്യതയും അദ്ദേഹത്തിനുണ്ട്.

കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ കത്തോലിക്കാവൈദികരുടെയും സിസ്റ്റേഴ്സിന്റെയും പ്രത്യേക കണക്കെടുപ്പിനുള്ള ഒരു സർക്കുലർ വിദ്യാഭ്യാസവകുപ്പിൽനിന്നു പുറത്തിറക്കുകയുണ്ടായി.



വിദ്യാഭ്യാസമന്ത്രിയുടെ അറിവോ അനുമതിയോ കൂടാതെ, അത്തരം നയപരമായ രേഖകൾ വെളിച്ചം കാണുകയില്ല. കാരണം, അത് കേരളത്തിലെ ക്രൈസ്തവന്യൂനപക്ഷത്തിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന ഒരു രേഖയാണ്. ക്രൈസ്തവ വിദ്യാഭ്യാസ ഏജൻസിയോടു ചോദിക്കുകപോലും ചെയ്യാതെയാണ് പൊതുസമൂഹത്തിനു മുന്നിൽ കേരളത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസഏജൻസിയായ ക്രൈസ്തവസഭയെ അപകീർത്തിപ്പെടുത്താൻ ശ്രമിച്ചത്. വിവരാവകാശരേഖകളുടെ ശേഖരണം തൊഴിലാക്കിയ ഏതോ ഒരു സാമൂഹികവിരുദ്ധന്റെ ആവശ്യപ്രകാരമാണ് ഈ നടപടിയെന്നറിയുന്നു. ഇയാൾ ഇത്തരത്തിലുള്ള വിവരങ്ങൾ തേടുന്നത് ആദ്യമായിട്ടല്ല. അയാളുടെ ഉദ്ദേശ്യവും രാഷ്ട്രീയലക്ഷ്യവും അറിയാമായിരുന്നിട്ടും ക്രൈസ്തവസഭയേക്കാൾ അയാളെ വിശ്വാസത്തിലെടുത്ത ബഹു. മന്ത്രി സംസ്ഥാനത്തിനു മുതൽക്കൂട്ടുതന്നെയാണ്.

നികുതിയടയ്ക്കാതെ ക്രൈസ്തവപുരോഹിതരും സന്ന്യാസിനിമാരും കോടിക്കണക്കിനു രൂപ ശമ്പളമിനത്തിൽ സമ്പാദിക്കുന്നുവെന്നതാണ് വിവരാവകാശക്കാരന്റെ വാദം. കേരളത്തിൽ എയ്ഡഡ് മേഖലയിലെ കോളജുകൾ സർക്കാർ അംഗീകാരത്തിലും നിയന്ത്രണത്തിലും പ്രവർത്തിക്കുന്നവയാണ്. ആ സ്ഥാപനങ്ങളൊന്നും കരിമ്പട്ടികയിൽ ഉൾപ്പെടുന്നവയല്ല. അവിടത്തെ അധ്യാപകർ മതിയായ യോഗ്യതകളുള്ളവരും സർക്കാർ പ്രതിനിധി ഉൾപ്പെടെയുള്ള ഇന്റർവ്യൂ ബോർഡിനു മുമ്പിൽ യോഗ്യത തെളിയിച്ചിട്ടുള്ളവരുമാണ്. ഈ വിവരങ്ങളൊന്നും മന്ത്രിക്ക് അറിവില്ലെന്നു കരുതാനാവില്ല. മന്ത്രിയെ മുഖ്യമന്ത്രി തിരുത്തുകയോ നിയന്ത്രിക്കുകയോ ചെയ്യേണ്ടത് ആവശ്യമാണെന്ന് ആർക്കെങ്കിലും തോന്നിയാൽ അവരോടു പിണക്കം ഭാവിച്ചിട്ടു കാര്യമില്ല.


മന്ത്രിയുമായി ബന്ധപ്പെട്ട രണ്ടാമത്തെ വിവാദം കാവിക്കൊടിയേന്തിയ ഭാരതാംബയുമായി ബന്ധപ്പെട്ടാണ്. വായനദിനത്തോടനുബന്ധിച്ച് രാജ്ഭവനിൽ സംഘടിപ്പിച്ച വിദ്യാർഥികളുടെ ഒരു ചടങ്ങിൽനിന്ന് മന്ത്രി തന്റെ പ്രസംഗം കഴിഞ്ഞശേഷം ഇറങ്ങിപ്പോയത് വിവാദമായി. അത് പ്രോട്ടോകോൾ ലംഘനമാണെന്ന് രാജ്ഭവൻ പ്രതികരിച്ചു. അതിവിശിഷ്ട വ്യക്തികളും വിശിഷ്ട വ്യക്തികളും അവർ പ്രോട്ടോക്കോൾ ഉള്ളവരാണെങ്കിൽ പങ്കെടുക്കുന ചടങ്ങുകളിൽ പാലിക്കപ്പെടേണ്ട അടിസ്ഥാനമര്യാദകളാണ് പ്രോട്ടോക്കോൾ. രാജ്യത്ത് ഏറ്റവും ഉയർന്ന പ്രോട്ടോക്കോൾ രാഷ്ട്രപതിക്കാണ്. ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും കഴിഞ്ഞാൽ അടുത്ത സ്ഥാനത്തുള്ളത് ഗവർണർമാരാണ്. ഇത്തരം ഉയർന്ന പ്രോട്ടോക്കോൾ ഉള്ളവർ സ്റ്റേജിൽ വരുന്നതിനു മുമ്പേ അതിൽ പങ്കെടുക്കാനുള്ളവർ എത്തിയിരിക്കണം. അവർ വേദിവിട്ട് ഇറങ്ങിയശേഷം മാത്രമാണ് മറ്റുള്ളവർ പുറത്തേക്കിറങ്ങുക. വായനദിനച്ചടങ്ങിൽനിന്ന് മന്ത്രി തന്റെ അതൃപ്തി പ്രകടിപ്പിച്ചശേഷം പ്രതിഷേധസൂചകമായിട്ടാണ് ഇറങ്ങിപ്പോയത്. ഗവർണറോടുള്ള ബഹുമാനക്കുറവും വിദ്യാർഥികളോടുള്ള അവഗണനയും ദുർമാതൃകയുമൊക്കെയായി മന്ത്രിയുടെ നടപടി വ്യാഖ്യാനിക്കപ്പെട്ടു.

മൂന്നാമത്തെ സന്ദർഭം സുംബാഡാൻസുമായി ബന്ധപ്പെട്ടതാണ്. നൃത്തവും സംഗീതവും ചേർത്ത് വ്യായാമത്തെ ആഘോഷമാക്കി മാറ്റുന്നതാണ് സുംബഡാൻസിന്റെ സവിശേഷത. ഡാൻസ് അറിയാത്തവർക്കും ഈ വ്യായാമമുറ പരിശീലിക്കാം. ശരീരത്തിനും മനസ്സിനും അത് ഊർജവും ആഹ്ലാദവും നൽകുന്നു. സംഗീതമയമായതുകൊണ്ട് മടുപ്പ് ഉളവാക്കാത്തതും ആനന്ദകരവുമായ ഒര പരിശീലനമുറയാണത്. ഫിറ്റ്നസ് നിലനിർത്താനും മാനസികാരോഗ്യം വളർത്താനും മാനസികസമ്മർദ്ദം കുറയ്ക്കാനുമെല്ലാം സഹായകമായ ഒരു വ്യായാമമുറയാണത്. ശാരീരികക്ഷമത വർദ്ധിപ്പിക്കാനും ഹൃദയാരോഗ്യം കൂട്ടാനും, ജീവിതശൈലീരോഗങ്ങളിൽനിന്നു മോചനം കിട്ടാനും ഈ വ്യായാമമുറ സഹായിക്കുന്നു. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് സ്കൂൾ കുട്ടികൾ ക്ലാസിലെ അവസാനസമയത്ത് പൊതുവായി ഇതു പരിശീലിക്കണമെന്നു നിർദേശിച്ചത്.

സുംബാഡാൻസ് ലോകമെമ്പാടും പരിശീലിപ്പിക്കുന്ന ഒരു ആരോഗ്യസംരക്ഷണവ്യായാമമുറയാണ്. അതിന്റെ ഉപജ്ഞാതാവ് കൊളംബിയൻ ഡാൻസറും കൊറിയോഗ്രാഫറുമായ അൽബെർട്ടോ ബൈട്ഭോ പെരെസ് ആണ്.

എല്ലാറ്റിലും മതവും രാഷ്ട്രീയവും കലർത്തി അതിൽ ആനന്ദിക്കുന്ന ചിലർ ഈ ഡാൻസ് ധാർമികതയ്ക്കു നിരക്കാത്തതാണ്, മതത്തിനു ചേരാത്തതാണ് എന്നൊക്കെയുള്ള പതിവുപരാതികളുമായി രംഗത്തുവന്നു. അവരെ പേടിച്ച് നല്ല കാര്യങ്ങൾ ഒഴിവാക്കുന്നതിനുപകരം ആരെയും ഇതിനു നിർബന്ധിക്കാതിരിക്കുക എന്ന നിലപാടാണ് കൂടുതൽ അഭികാമ്യം. ഇതിനു പകരം മറ്റൊന്നു നിർദേശിക്കാം. വ്യായാമം ഒഴിവാക്കരുത്. ഒഴിവാക്കേണ്ടത് വിവാദമാണ്.

■



■ പ്രഫ. എ. ടി. ഏബ്രഹാം വാളനാട്ട്

## പ്രേഷിതവര്യനു പ്രണാമം

‘പോവിൻ നിങ്ങൾ, സമസ്ത ലോകരിലുമെൻ സന്ദേശമെത്തിക്ക’യെ-
ന്നാ വത്സർ നിജശിഷ്യരോടരുളിനാൻ ശ്രീയേശുനാഥൻ പരൻ.
ജീവൻപോലുമശങ്കമഗ്ഗുരുവിനായ് നല്കാൻ സദാ സജ്ജരായ്
ജീവിച്ചോരവർ ദൗത്യമേന്തിയുടനേ പോയ് ഭിന്നദേശങ്ങളിൽ

ശ്രീമൽക്കേരളഭൂവിൽ ദിവ്യസുവിശേഷത്തിൻ സമാരാധ്യമാ-
മോമൽ സ്നേഹമനോജ്ഞ ദീപിക വിരാജിപ്പിച്ച ശിഷ്യോത്തമൻ
തോമസ് പുണ്യവരേണ്യ, താവകമഹം കൊണ്ടാടുമീ നാളിൽ നിൻ
നാമത്തെ പ്രണമിച്ചുകൊണ്ടു സുതരെത്തിടുന്നിതാ സാദരം

നാഥൻ കാട്ടിയൊരാവെളിച്ചമതു ഭൂവെമ്പാടുമെത്തിക്കുവാൻ
നീ സന്ദേഹമെഴാതിറങ്ങി, വകവച്ചീലാ പ്രയാസങ്ങളെ
ക്ലേശങ്ങൾ വഴിമാറിയിങ്ങകലെ നീ വന്നെത്തി, ദൈവാശ്രിത-
ർക്കേശില്ലാ വിഷമങ്ങളൊന്നു,മകലം സാമീപ്യമായ് മാറിടും.

ചന്തം തൂകിന നൻ പവിത്ര തനുവാ ദുഷ്ടാരിതൻ ക്രൂരമാം
കുന്തം ക്രൂരതരം പിളർക്കുവതുമാശ്ലേഷിച്ച പുണ്യാകരാ,
സ്വന്തം ശേഷി സമസ്തമീശനു പരം ജീവൻ വരേ നല്കി സാ-
നന്ദം നാകപുരം കരേറുവതിനായ് കാട്ടുന്നു നീ സൽപഥം

ഇഷ്ടൻ ലാസർ മരിക്കെയാ വസതിയിൽ പോവാനെഴും യേശുവി-
ന്നിഷ്ടത്തെസ്സഹശിഷ്യർ ശത്രുഭയമാർന്നൊന്നായെതിർത്തീടവേ
യുക്തം നാമവിടേക്കു പോവ, തവനോടൊപ്പം മരിക്കാം നമു,-
ക്കൊട്ടും ശങ്കയെഴാത്തവണ്ണമവരോടോതീലയോ നീയിദം?

കാണാതുത്ഥിതനായ യേശുപരനിൽ വിശ്വാസമർപ്പിക്കുവാൻ
ഞാനില്ലെന്നു പറഞ്ഞു മാറിയ നിനക്കീശൻ കൃപാവാരിധി
കാണിപ്പാൻ കനിവായി തൃപ്പഴുതുകൾ, വിശ്വാസമേറീനിന,-
ക്കാ നല്ലോർമ്മ പുതുക്കി നന്മ നുകരാൻ താതാ തുണയ്ക്കേണമേ.

ശ്രീതാവും തവ തീർത്ഥപാദകമലസ്പർശം ലഭിച്ചാവണം
ജാതാമോദമതുല്യപുഷ്ടിമയിൽ മുന്നേറുന്നതിക്കേരളം
ഓതാനില്ലിതുപോൽ മനോജ്ഞമൊരിടം, നീ വീണ്ടുമെത്തിടിലുൽ-
ഭൂതാനന്ദമതെത്ര വൻപിയലുമാറാവാം ഗുരോ, പാർക്കുകിൽ!

തിങ്ങിച്ചേർന്നു പരം വിളങ്ങി വിലസും ലാവണ്യധാമങ്ങളാ-
തെങ്ങിൻതോപ്പുകൾ, മഞ്ജുഗാനമയമാം മാകന്ദവൃന്ദങ്ങളും
എങ്ങെങ്ങും മലർവാടികൾ, ഫലചയം, വല്ലീവിതാനങ്ങൾ, ഹാ!
എങ്ങില്ലാത്ത സമൃദ്ധി കേരളധരയ്ക്കോലുന്നു കില്ലില്ലിതിൽ

എന്നാൽ ഭൗതികമാം സമൃദ്ധിയിതിനെക്കാളേറെയൗന്നത്യമാ-
ർന്നൊന്നുണ്ടിങ്ങതു നീ വിതച്ച വലിയോരാത്മീയചൈതന്യമാം
ഇന്നീ നാടിനജയ്യശക്തിയരുളിക്കാത്തീടുമീ നന്മയി-
ങ്ങെന്നാളും നിലനിന്നിടട്ടെ,യിതിനായേകട്ടെ നാഥൻ വരം

കാലം വിശ്രമമെന്നിയേ മഹിതമീ വിശ്വാസസമ്പത്തിനെ-
പ്പാടേയങ്ങു തകർച്ച ചെയ്യുവതിനായേറെ ശ്രമിച്ചെങ്കിലും
കാണാവുന്ന യഥാർത്ഥസത്യമതു നാമോർത്തീടണം, ഭൂവിതിൽ
നാനാദിക്കുകളും നിറഞ്ഞൊഴുകുകയാണീ നിത്യസത്യപ്രഭ.

ലോകാനർത്ഥ സുഖങ്ങളാം കെണികളിൽ വീഴാതെയും ശോഭനം
നാകാനശ്വര സൗഖ്യമൊന്നു സുചിരം ഹൃത്തിൽ പതിപ്പിച്ചുമായ്
നീ കാട്ടീടിന ദിവ്യമാം സരണിയിൽ മാത്രം ചരിച്ചന്ത്യമായ്
പൂകാനായ് തുണയേകണേ ഗുരുവരാ, സ്വർല്ലോകദേശം ക്രമാൽ.

# പള്ളിക്കൂടം കഥകൾ പറയുന്നത്



ഡോ. തോമസ് സ്കറിയ

**ചി**രി ഒരു സാർവത്രിക പ്രതിഭാസമാണ് എന്ന് 'ഹാസ്യത്തെ നിർവചിക്കാനുള്ള പ്രയാസം' എന്ന ശീർഷകത്തിൽ എഴുതിയ പ്രബന്ധത്തിൽ സാമുവൽ ജോൺസൺ അഭിപ്രായപ്പെടുന്നുണ്ട്. മനുഷ്യർ പല തരത്തിൽ ജ്ഞാനികളാണെങ്കിലും, അവർ എപ്പോഴും ഒരേ രീതിയിൽ ചിരിച്ചു. ഭാഷയില്ലാത്ത മൃഗങ്ങൾ ചിരിക്കില്ല. ഫ്രെഡറിക് നീഷെ മനുഷ്യമൃഗം മാത്രമേ ചിരിക്കുകയുള്ളൂ എന്നഭിപ്രായപ്പെട്ടു. കാരണം, അവൻ വളരെ ക്രൂരമായി കഷ്ടപ്പെടുന്നു. കൂടാതെ, ദുരിതങ്ങൾക്കിടയിൽ ആശ്വസിപ്പിക്കുന്ന ചിരി മനുഷ്യൻ സ്വപ്നം കാണേണ്ടതുണ്ട്. ശരീരത്തിന്റെ ലിബിഡിനൽ ആഴത്തിൽനിന്ന് നേരിട്ട് ഉറവെടുക്കുന്ന ഒരു രൂപമാണ് ചിരി. എന്നാൽ, അതിന് ഒരു വൈജ്ഞാനികമാനമുണ്ട് എന്നു ടെറി ഈഗിൾടൺ എഴുതുന്നു. ക്രോധമോ അസൂയയോപോലെ, അതിൽ വിശ്വാസങ്ങളും അനുമാനങ്ങളും ഉൾപ്പെടുന്നു.

ചിരിയുടെ ശക്തി ഇന്ദ്രിയങ്ങളെ ദുരുപയോഗം ചെയ്യുന്നില്ല. എന്നാൽ, ചിരി അധികാരശ്രേണികളെ ആശയക്കുഴപ്പത്തിലാക്കുന്നു, വിവിധ സ്വത്വങ്ങളെ ലയിപ്പിക്കുന്നു, വ്യത്യാസങ്ങൾ ഇല്ലാതാക്കുന്നു, അർഥത്തിന്റെ തകർച്ചയിൽ ആഹ്ലാദിക്കുന്നു. വാസ്തവത്തിൽ, നർമത്തിന്റെ ചില രൂപങ്ങൾ, പ്രാഥമികമായി ബൗദ്ധികകാര്യങ്ങളാണ്. ചിരിയെ ഒരു പാഠമായി അല്ലെങ്കിൽ നിരവധി പ്രാദേശിക ഉച്ചാരണങ്ങളുള്ള ഒരു ഭാഷയായി കണക്കാക്കാം. ചിരി വിവിധ ഭാഷാശൈലികളുള്ള ഒരു ഭാഷയാണ്. ചിരിക്കുന്നതിനും പുഞ്ചിരിക്കുന്നതിനും പരിഹസിക്കുന്നതിനും വ്യത്യസ്തമായ വഴികളുണ്ട്. പുഞ്ചിരി ദൃശ്യപരമാണ്. ചിരി പ്രാഥമികമായി ശ്രവണപരമാണ്. പക്ഷേ, ടി.എസ്. എലിയറ്റ് 'തരിശുഭൂമി' (The Waste Land)യിൽ 'ചെവിക്കു ചെവി പരക്കുന്നു അമർത്തിച്ചിരി' എന്നെഴുതുമ്പോൾ ഈ രണ്ടു പ്രതിഭാസങ്ങളെയും കവി സംയോജിപ്പിക്കുന്നു. 'ചെവിയിൽ നിന്നു ചെവിയിലേക്കു പടരുന്ന ഒരു ചിരി'യാണ് തോമസ് പാലായുടെ കഥകളിലുമുള്ളത്.

ചിരി ഒരു ഉന്നതമനോഭാവത്തിന്റെ അടയാളമായിട്ടാണ് തോമസ് പാലാ കണ്ടിരുന്നതെന്ന് അദ്ദേഹത്തിന്റെ 'പള്ളിക്കൂടം കഥകൾ' വായിക്കുന്ന ഒരാൾക്ക് അനായാസം തിരിച്ചറിയാൻ കഴിയും. വിനോദത്തേക്കാൾ, ചിന്തിക്കാനുള്ള സാധ്യതയാണ് അദ്ദേഹം തേടിയത്. താനെഴുതുന്നത് ഹാസ്യമാണെന്നു മാന്യവായനക്കാർ ധരിക്കരുതേയെന്ന് അദ്ദേഹം പള്ളിക്കൂടം കഥകളുടെ തുടക്കത്തിൽത്തന്നെ പറയുന്നുണ്ട്. ഓർമകൾ നിറച്ച കാലമാകുന്ന സഞ്ചിയെ തോളിൽ തൂക്കിക്കൊണ്ട് പള്ളിക്കൂടത്തിലേക്കു നടക്കുന്ന തോമസ് പാലായെയാണ് പള്ളിക്കൂടംകഥകളിൽ നിങ്ങൾ കണ്ടുമുട്ടുക. അദ്ദേഹത്തിന്റെ ഓർമകൾ വായിച്ച് ആശ്ചര്യത്തോടെയോ സന്തോഷത്തോടെയോ ചിരിക്കുക. അതാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. അതേസമയം ചിരി എന്നാൽ സ്വതഃസിദ്ധമായ ഒരു ശാരീരികസംഭവമാണെങ്കിലും സാമൂഹികമായ ഒന്നാണ് എന്നു കൂടി തോമസ് പാലായുടെ കഥകൾ ഓർമിപ്പിക്കുന്നു. ആനി ലെക്ലർക്കിനെ ഉദ്ധരിച്ച് മിലൻ കുന്ദേര, 'ചിരി ഞങ്ങളെ ചിരിപ്പിച്ചു' എന്നു പറഞ്ഞിട്ടുണ്ട്. പകരുന്ന ചിരിയുടെ പരമ്പരയായിരുന്നു പള്ളിക്കൂടം കഥകൾ. ചിരിയുടെ ഒരു ഡോസ് ഓരോ ഓർമയിലും അദ്ദേഹം ഉൾക്കൊള്ളിച്ചു. ചില രോഗങ്ങൾപോലെ, ചിരി എവിടെനിന്നാണു വന്നതെന്ന് ഉറപ്പില്ലാതെ നിങ്ങൾക്കു ചിരിയുടെ ഒരു ഡോസ് എടുക്കാൻ പള്ളിക്കൂടം കഥകൾ വായിച്ചാൽ മതി.

തോമസ് പാലാ ഒരു സ്കൂൾ അധ്യാപകനായിരുന്നു. പ്രവിത്താനം ഇംഗ്ലീഷ് മിഡിൽ സ്കൂളിലെ പ്രിപ്പേരട്ടറി ക്ലാസിൽ ചേർന്നു പഠിച്ച കഥ പറയുമ്പോൾ പള്ളിക്കൂടം കഥകളിൽ അദ്ദേഹം എഴുതുന്നു: "അരക്ലാസിലെ മുഴുവൻ ബെഞ്ചിന്റെ അരികുചേർന്ന്, നിക്കറും മുറിക്കയ്യൻഷർട്ടും ധരിച്ചിരുന്ന് മിക്ക അധ്യാപകന്മാരോടും അടിയും വാങ്ങി, ചില സഹപാഠികളോട് ഇടിയും വാങ്ങി, വീട്ടിൽ നിന്നും അടിച്ചെടുത്ത ചില്ലറയ്ക്ക് അടുത്തുള്ള മുറുക്കാൻകടയിൽനിന്നു മിഠായിയും വാങ്ങിക്കഴിഞ്ഞ അക്കാലത്ത് ആ സ്കൂളിൽത്തന്നെ വർഷങ്ങൾക്കുശേഷം ഒരു വാധ്യാരായി ഈയുള്ളവൻ ചെല്ലുമെന്ന് സ്വപ്നത്തിൽപോലും ഓർത്തില്ല.." 1934 ഒക്ടോബർ 28 ന് ജനിച്ച തോമസ് പാലാ 1997 ഡിസംബർ 7 ന് അറുപത്തിമൂന്നാം വയസ്സിൽ അന്തരിച്ചു. പഞ്ചായത്തു പ്രസിഡന്റിന്റെ പല്ല്, സിദ്ധൻ കേരളത്തിൽ, ചാത്തന്മാരും സിദ്ധന്മാരും, ആനക്കുഴി പുരാണം, അടി എന്നടി കാമാച്ചി, സൈഡ് കർട്ടൻ തുടങ്ങി ഹാസ്യരസപ്രധാനങ്ങളായ ഇരുപതോളം കൃതികൾ അദ്ദേഹം രചിക്കുകയുണ്ടായി. നിരവധി നാടകങ്ങളും



അദ്ദേഹം എഴുതിയിട്ടുണ്ട്. ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിലും തൊണ്ണൂറുകളിലുമാണ് തോമസ് പാലായുടെ എഴുത്തുകൾ സജീവമായി പ്രത്യക്ഷപ്പെട്ടത്. ഒരു കാലത്തെ പാലായുടെ സാംസ്കാരികചരിത്രം അദ്ദേഹത്തിന്റെ രചനകളിൽ

> **ചിരി ഒരു ഉന്നതമനോഭാവത്തിന്റെ അടയാളമായിട്ടാണ് തോമസ് പാലാ കണ്ടിരുന്നതെന്ന് അദ്ദേഹത്തിന്റെ പള്ളിക്കൂടം കഥകൾ വായിക്കുന്ന ഒരാൾക്ക് അനായാസം തിരിച്ചറിയാൻ കഴിയും. വിനോദത്തേക്കാൾ, ചിന്തിക്കാനുള്ള സാധ്യതയാണ് അദ്ദേഹം തേടിയത്. താനെഴുതുന്നത് ഹാസ്യമാണെന്നു മാന്യവായനക്കാർ ധരിക്കരുതേയെന്ന് അദ്ദേഹം പള്ളിക്കൂടം കഥകളുടെ തുടക്കത്തിൽത്തന്നെ പറയുന്നുണ്ട്.**

ദൃശ്യമാണ്. ആർ.വി. തോമസ് സ്വാതന്ത്ര്യസമരകാലത്ത് കടനാട് പ്രസംഗിക്കാൻ വന്നതും പ്രസംഗം എല്ലാവർക്കും ബോധിച്ചതും അദ്ദേഹത്തിന്റെ തലയിലെ തൊപ്പിപോലൊന്ന് തന്റെ തലയിൽ ഇല്ലാത്തതിന്റെ വിഷമവും ഒക്കെ പള്ളിക്കൂടം കഥകളിൽ തോമസ് പാലാ എഴുതിയിട്ടുണ്ട്.

പാലായ്ക്ക് ഒട്ടേറെ കുടിയേറ്റകഥകൾ പറയാനുണ്ട്. മലബാർകുടിയേറ്റം അതിലൊരധ്യായമാണ്. അത് അതിജീവനത്തിന്റെയും അടയാളപ്പെടുത്തലിന്റെയും പുരാവൃത്തമായി പാലാ കൊണ്ടാടുന്നു. പള്ളിക്കൂടം കഥകളിൽ അതിലൊരു കഥ തോമസ് പാലാ പറയുന്നുണ്ട്. മധ്യവേനലവധി കഴിഞ്ഞു സ്കൂളിലേക്കു പോകുംവഴി സഹപാഠിയായ മൈക്കിളിനെ കാണുന്നു. കൂടെ അവന്റെ പിതാവുമുണ്ട്. ആഘോഷമായ വരവാണ്. അതു കണ്ടു വണ്ടറടിച്ച് തോമസ് അവനോട് പള്ളിക്കൂടത്തിൽ വരുന്നില്ലേ എന്നു ചോദിക്കുന്നു. പഠിത്തം നിർത്തി മലബാറിനു പോകുവാണ് അവൻ. വിദ്യാധനം വാരിക്കൂട്ടാനുള്ള പരിപാടി ഉപേക്ഷിച്ച്, മലബാറിലെ മണ്ണിൽനിന്നു നാലുകാശുണ്ടാക്കാനായി പോകുന്ന മൈക്കിളിനെ അല്പനേരം നോക്കിനിന്നിട്ട് വിദ്യാധനം വാരിക്കൂട്ടാനായി തോമസ് പള്ളിക്കൂടത്തിലേക്കു നടന്നു. പിന്നീട് അഞ്ചു വർഷം കഴിഞ്ഞ് മൈക്കിളിനെ കാണുമ്പോൾ അവൻ അഞ്ചുവർഷത്തെ വിശേഷങ്ങൾ കൈമാറുന്നു. അപ്പനെ കാട്ടാന ചവിട്ടിക്കൊന്ന കഥ കേട്ടപ്പോൾ മലബാറിനു പോയ ദിവസം മൈക്കിളിനോടൊത്തു കണ്ട ആ മനുഷ്യന്റെ രൂപം തോമസിന്റെ ഓർമയിൽ തെളിയുന്നു. മാത്യുവുമൊത്ത് കൊല്ലപ്പിള്ളി പട്ടണത്തിൽചെന്ന് കടയിൽക്കയറി നാരങ്ങാവെള്ളം കുടിച്ചിട്ട് പറ്റ് എഴുതിയേക്കാൻ പറയുന്ന സന്ദർഭത്തിൽ കാശു തന്നിട്ടു പോയാൽ മതി എന്നു കടക്കാരൻ പറയുന്നു. അതിനു മാത്യുവിന്റെ മറുപടി 'ഞങ്ങളെന്താ മലബാറിനു പോകുന്നുണ്ടോ?' എന്നാണ്. തോമസ് പാലായുടെ പാലാപുരാവൃത്തത്തിൽ ലളിതമായ ജീവിതമാണ് പലപ്പോഴും പ്രത്യക്ഷപ്പെടുന്നത്. ജനകീയ വശ്യതയുള്ള ഭാഷയാണ് അദ്ദേഹമുപയോഗിക്കുന്നത്. പരിഹാസമതിലൊട്ടും ഇല്ല. പാലാപ്രകൃതിയുടെ നാടൻമട്ട് ഒട്ടേറെയുണ്ടുതാനും. സാർ ഇംഗ്ലീഷിൽത്തന്നെ ഇംഗ്ലീഷു പഠിപ്പിക്കുമ്പോൾ ഞങ്ങൾ മലയാളത്തിൽ ഞങ്ങളുടെ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കും എന്നു പറയുന്നതിൽ ആ ലാഘവം സമൃദ്ധമായി ഉൾച്ചേർത്തിട്ടുണ്ട്. അനുഭവങ്ങളുടെ കഥനമാകയാൽ ആത്മകഥ വായിക്കുന്ന സുഖത്തോടെ അനുഭവിച്ചുപോകാമെന്നു ഒരു മെച്ചവും പള്ളിക്കൂടം കഥകൾക്കുണ്ട്. വിദ്യാർഥിജീവിതം, ട്രെയിനിങ് കാലം, അധ്യാപനജീവിതം എന്നിങ്ങനെ സ്വന്തം ജീവിതത്തെ എഴുത്തിൽ ഗംഭീരമായി തോമസ് പാലാ സാക്ഷാത്കരിക്കുന്നു.

സ്കൂളിൽ ഇൻസ്പെക്റുടെ പരിശോധന നടക്കുമ്പോൾ ഉണ്ടാകുന്ന സംഭവങ്ങളും ചിട്ടി ബിസിനസു നടത്തുന്ന കേശവപിള്ളസാറിന്റെ കേട്ടെഴുത്തും ഇട്ടൻസാറിന്റെ എണ്ണം പഠിപ്പിക്കലും ദശമുഖൻ എന്ന് വാക്കിന് മുഖത്തു ദശയുള്ളവൻ എന്ന് അർഥം പറഞ്ഞുകൊടുക്കുന്ന പൈലിസാറും, നാഷനൽ ഹൈവേയിലെ ഹൈ ഉയർന്നതും വേ വഴിയും ആയി അർഥം 'ഉയർന്ന വഴി' എന്നു കണ്ടെത്തുന്ന രാധാമണിറ്റീച്ചറുമൊക്കെ ചിരിക്കുള്ള വക നൽകുന്നുണ്ട്. സർക്കാർ ഉത്തരവു പ്രകാരം സ്കൂളുകളിൽ ഒരു മാർക്കു കിട്ടിയവരെയും പൂജ്യം മാർക്കു കിട്ടിയവരെയും ജയിപ്പിക്കുന്ന പ്രമോഷൻസമ്പ്രദായത്തെ തോമസ് പാലാ അതിനിശിതമായി വിമർശിക്കുന്നുണ്ട്. അതിലും നല്ലൊരു പരിപാടിയെക്കുറിച്ചും പറയുന്നു. ജൂൺ ഒന്നിന്നു പള്ളിക്കൂടം തുറക്കുന്ന അന്നു കുട്ടികളെ വിളിച്ചുകൂട്ടി ഹെഡ്മാസ്റ്റർ പറയട്ടെ: ''നിങ്ങളെല്ലാവരും ജയിച്ചിരിക്കുന്നു. അഞ്ചിലായിരുന്നവർ ആറിലും ആറിലായിരുന്നവർ ഏഴിലും അങ്ങനെ കഴിഞ്ഞ വർഷം ഏതേതു ക്ലാസിലായിരുന്നോ അതിന്റെ അടുത്ത ക്ലാസിലായിരിക്കും നിങ്ങൾ. ഈ വർഷം ഇപ്പോൾ നിങ്ങൾക്കു പോകാം. ഇനി നിങ്ങൾ വരേണ്ടത് അടുത്ത വർഷം ജൂൺ ഒന്നിന്''. അത്രയ്ക്കു മൂർച്ചയുള്ള വിമർശനമായിരുന്നു തോമസ് പാലായുടേത്. എഴുത്തിൽ അദ്ദേഹം ലയിപ്പിച്ച ആ ചിരി അനുഭവിച്ചറിയേണ്ടതാണ്. മാഞ്ഞുപോകാതെ മനസ്സിൽ നിറയുന്നതാണ് വാക്കിൽ വെളിപ്പെടുന്ന ആ ചിരി.

■

# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും

10

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

**പി**റ്റേന്നു സ്കൂളിൽ എത്തിയപ്പോൾ, വീട്ടിൽ ചോദിച്ചിട്ടു മുടി വെട്ടാമെന്നു പറഞ്ഞവരും, തങ്ങളും മുടി വെട്ടുമെന്നു പറഞ്ഞു. അടുത്ത തിങ്കളാഴ്ച സ്കൂളിൽ എത്തുന്നതിനുമുമ്പേ എല്ലാവരും തലമുടി വെട്ടിയിട്ടു വരാം എന്നു തീരുമാനിച്ചു.

ഈ സ്കൂൾവർഷത്തെ എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസ് ടീച്ചർ പറഞ്ഞപ്പോൾ, സ്കൂൾകോമ്പൗണ്ടിൽ ഒരു ചെറിയ അടുക്കളത്തോട്ടം ഉണ്ടാക്കാമോ എന്ന് ഐവാൻ.

"നല്ല നിർദേശമാണ്, പക്ഷേ, സ്കൂൾ ഇല്ലാത്ത ദിവസം ആരു ചെടികൾക്കു വെള്ളമൊഴിക്കും?" ടീച്ചർ ചോദിച്ചു. സ്കൂളിന്റെ തൊട്ടടുത്തുള്ള, വിനീത പ്രിൻസിപ്പൽ സമ്മതിച്ചാൽ, താനും ആ സ്കൂളിൽത്തന്നെ എട്ടിൽ പഠിക്കുന്ന ചേച്ചിയും ചേർന്ന് വെള്ളമൊഴിക്കാമെന്ന് ഐവാൻ പറഞ്ഞപ്പോൾ അതൊരു ആശ്വാസമായി. പ്രിൻസിപ്പലിന്റെ അനുവാദം, നിർമ്മലറ്റീച്ചർ വാങ്ങിക്കാമെന്നു വാക്കു പറഞ്ഞു.

വെണ്ട, പച്ചമുളക്, ചീര ഇവയാണ് ആദ്യമായി നടാൻ തീരുമാനിച്ചത്. എല്ലാറ്റിനും ടീച്ചറുടെ സഹായം ഉണ്ടാകും. അടുത്ത ബുധനാഴ്ച ഗ്രീൻഡേ ആയി പ്രഖ്യാപിച്ചു.

എല്ലാ ദിവസവും സ്കൂളിൽ നടക്കുന്ന കാര്യങ്ങൾ മാലാഖമാരെ പിങ്ക്ളാങ്കി ധരിപ്പിച്ചുകൊണ്ടേയിരുന്നു.

അമ്മ മുടിവെട്ടിക്കൊടുക്കാമെന്നു പറഞ്ഞിട്ട്, പപ്പാ സമ്മതിച്ചില്ല, പപ്പാ അവനെ കൂട്ടിക്കൊണ്ടുപോയി മുടി മൊട്ടയടിച്ചു.

വീട്ടിൽ വന്നു, ചേട്ടനെയും ചേച്ചിയെയും വീഡിയോ കോൾ ചെയ്തപ്പോൾ ചേച്ചി കളിയാക്കി:

"മൊട്ടത്തലയാ, മോരുകുടിയാ, ചട്ടി എടുത്തൊരു കൊട്ടുകൊട്."

തന്റെ മൊട്ടത്തല, പതുക്കെ തലോടിയപ്പോൾ, ഒരു രസം തോന്നി. നാളെ സ്കൂളിൽ ചെല്ലുമ്പോൾ എല്ലാവരും എങ്ങനെ ഉണ്ടാകും, എന്തോ?

രാവിലെ സ്കൂൾബസിൽ കയറിയപ്പോൾ, അവന്റെ ക്ലാസ്സിലെ ആരും ഉണ്ടായിരുന്നില്ല. എട്ടിൽ പഠിക്കുന്ന ഒരു ചേട്ടൻ ചിരിച്ചുകൊണ്ടു ചോദിച്ചു:

"എന്താ നേർച്ചമൊട്ടയാണോ?"

"അല്ല, ചുമ്മാ."

രണ്ടു സ്റ്റോപ്പ് കഴിഞ്ഞപ്പോൾ ഐവാന്റെ ക്ലാസിലെ വിനോദ് കയറി. അവൻ മൊട്ട അടിച്ചു തല ഒരു തൊപ്പിവച്ച് മറച്ചുവെച്ചിരുന്നു, ആ റൂട്ടിൽ ഐവാന്റെ ക്ലാസ്സിലുള്ള ആറ് ആൺകുട്ടികളും ബസിൽ കയറി. എല്ലാവരും തലമുടി കളഞ്ഞിരുന്നു.

ക്ലാസിലെ പതിനഞ്ചു പേരും മുടി മുറിച്ചാണു വന്നത്. ക്ലാസ് തുടങ്ങി കുറച്ചുകഴിഞ്ഞാണ് അശ്വിൻ എത്തിയത്. അവൻ ആകെ ക്ഷീണിച്ചിരുന്നു. മുടി കുറച്ചു വളർന്നിട്ടുണ്ട്. അവനെ കണ്ടപ്പോൾ ഐവാനു വിഷമം തോന്നി, എന്നാലും അസുഖം കുറവുണ്ടല്ലോ എന്നോർത്തപ്പോൾ സന്തോഷവും.

കുട്ടികൾ എല്ലാവരും ചേർന്ന് അശ്വിനെ 'വെൽക്കം' പറഞ്ഞു സ്വീകരിച്ചു. ആദ്യബെഞ്ചിൽ അവൻ ഇരുന്നു. തന്റെ കൂട്ടുകാർ എല്ലാവരും, തന്നെ പിന്താങ്ങാൻ മുടിയില്ലാതെ വന്നത് അവന് ആശ്ചര്യമായി.

അടുത്തിരുന്ന ആൽഫിയോട് അവൻ ചോദിച്ചു:

"ടീച്ചർ പറഞ്ഞിട്ടാണോ നിങ്ങൾ മുടിവെട്ടിയത്?"

"അല്ല, ഇത് ഐവാന്റെ ഐഡിയ ആയിരുന്നു, ബാക്കി എല്ലാവരും അതിന് ഓക്കേ പറഞ്ഞു."

പിറകോട്ടുതിരിഞ്ഞ് അശ്വിൻ പറഞ്ഞു:


"താങ്ക്സ് ഐവാൻ."

അശ്വിന്റെ അമ്മ ക്ലാസ്സിനു പുറത്തു ടീച്ചറിനെ കാണാൻ കാത്തുനിന്നിരുന്നു, തന്റെ മകനെ കൂട്ടുകാർ എതിരേറ്റത് അവർ കണ്ടു. അവൻ എങ്ങനെ ക്ലാസ്സിലേക്കു വരുമെന്നവർ ആശങ്കപ്പെട്ടിരുന്നു.

ഈ കുഞ്ഞുങ്ങൾ കരുണയുള്ളവരാണെന്ന് അവർക്കു ബോധ്യമായി.

ബെൽ അടിച്ചപ്പോൾ നിർമ്മലറ്റീച്ചർ അശ്വിന്റെ അമ്മയോടു സംസാരിച്ചിട്ട് അകത്തേക്കു വന്നു. ക്ലാസ്സിലെ മൊട്ടകളെ കണ്ടപ്പോൾ ടീച്ചർ ഒന്ന് അമ്പരന്നു.

"അശ്വിനെ സ്വീകരിക്കാൻ, തിരഞ്ഞെടുത്ത വിധം കൊള്ളാം, ഈ ക്ലാസ്സ് എന്തുകൊണ്ടും യുനീക് ആണ്. സത്യത്തിൽ മറ്റു ക്ലാസ്സിലെ കുട്ടികൾ നിങ്ങളെ മാതൃകയാക്കണം."



ഇതു ടീച്ചർ പറഞ്ഞപ്പോൾ ഐവാൻ പിറകോട്ടു തിരിഞ്ഞു വിശാലിനെ നോക്കിയിട്ട്, തള്ളവിരൽ ഉയർത്തിക്കാട്ടി.

ക്ലാസ്സിൽ ആരുംതന്നെ അശ്വിനോട് അവന്റെ അസുഖത്തിന്റെ കാര്യം സംസാരിച്ചില്ല.

സ്കൂൾ വിട്ടു വൈകുന്നേരം വീട്ടിൽ ചെന്നപ്പോൾ, അമ്മയോട് അവൻ ക്ലാസ്സിലെ കാര്യങ്ങളൊക്കെ പറഞ്ഞുകേൾപ്പിച്ചു. പിന്നെ പതിവുപോലെ, പിപ്പിനുമായി കളിച്ചു. അവനോടും കഥകൾ പങ്കുവച്ചു.

അമ്മയുടെ കണ്ണുവെട്ടിച്ച്, മാലാഖമാരെ കാണാൻ പോയി, അശ്വിൻ തിരികെ ക്ലാസ്സിൽ വന്ന വിവരം പറഞ്ഞു.

ടീച്ചർ തന്റെ ക്ലാസ്സിലെ കുട്ടികൾ, നല്ല മക്കളാണെന്നു പറഞ്ഞെന്നും അവരെ ധരിപ്പിച്ചു.

"നിന്റെ കൂട്ടുകാരല്ലേ അവർ, അപ്പോൾ തീർച്ചയായും അവരും നല്ല കുട്ടികളായിരിക്കും." അതു പറഞ്ഞത് മിഖായേൽമാലാഖയാണ്. തന്റെ ക്ലാസ്സിലെ കുട്ടികൾ ചെറിയ ഒരു പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്ന കാര്യവും അവരോടു പങ്കുവച്ചു. താഴേക്കു വന്നപ്പോൾ അമ്മ ഫോണിൽ സംസാരിക്കുന്നതു കേട്ടു.

പള്ളി പണിതു കഴിഞ്ഞു എന്നു മനസ്സിലായി.

അമ്മ ഐവാനോടായി പറഞ്ഞു:

"അങ്ങനെ ആ പള്ളിപണി കഴിഞ്ഞു, വെഞ്ചരിപ്പിന്റെ ദിവസം അവർ ഉടനെ പറയും. എത്ര ദിവസമായി ആ രൂപങ്ങൾ ഇവിടെ ഇരിക്കുന്നു, അടുത്ത മാസം ഉണ്ണി വരും, അവന്റെ മുറി എത്ര നാളായി അടച്ചുപൂട്ടിയിട്ടിരിക്കുന്നു. രൂപങ്ങൾ എടുത്തുകൊണ്ടു പോയിട്ടു വേണം അതൊന്നു വൃത്തിയാക്കാൻ."

"മാലാഖമാർ പോകും ഇല്ലേ?"

"പിന്നെ പോകാതെ, ഇതു കൊടുത്തിട്ടു വേണം അച്ചായന്മാർക്ക്, ബാക്കി പൈസാ വാങ്ങിക്കാൻ. നല്ല, ഭംഗിയുള്ള രൂപങ്ങൾ അല്ലേ! അതു പള്ളിയിൽ ഇരിക്കുന്നതു കാണാൻ നല്ല രസമായിരിക്കും!"

ഐവാന് കണ്ണുനീരടക്കാൻ സാധിച്ചില്ല, അമ്മ കാണാതെ അവൻ കണ്ണു തുടച്ചു, എന്നാലും അമ്മയ്ക്കു മനസ്സിലായി അവന് എന്തോ ഒരു വിഷമം ആണെന്ന്.

"രൂപങ്ങൾ എടുത്തുകൊണ്ടു പോകുന്നതിനു നീ എന്തിനാ വിഷമിക്കുന്നത്?"

"അറിയില്ല..."

"ഈയിടെയായി, നീ കുറച്ചു കൂടുതൽ സെന്റിമെന്റൽ ആകുന്നുണ്ട് കേട്ടോ."

അതിന് ഉത്തരം പറയാതെ, പിങ്ക്ളാങ്കി കട്ടിലിൽ കമിഴ്ന്നു കിടന്നു കരയാൻതുടങ്ങി. കരയുന്ന പിങ്ക്ളാങ്കിയെ ആശ്വസിപ്പിക്കാൻ എന്നപോലെ, പിപ്പിൻ മെല്ലെ അവനോടു ചേർന്ന് കട്ടിലിൽ കിടന്നു.

ആശയുടെ ആങ്ങളമാർ, പിന്നെ അതിനെക്കുറിച്ചൊന്നും സംസാരിച്ചില്ല, മഴക്കാലം കഴിഞ്ഞേ പള്ളിവെഞ്ചരിപ്പ് നടക്കൂ എന്ന് അമ്മ സിസിലിയാന്റിയോടു പറയുന്നത് കേട്ടു. എന്നാണോ ഈ മഴക്കാലം കഴിയുന്നത്?

അങ്ങനെ ദിവസങ്ങൾ കടന്നുപോയി ആർത്തലച്ച മഴയോടെ കർക്കടകം കടന്നുവന്നു, മഴക്കാലത്തു പിപ്പിൻ വീടിനുള്ളിൽത്തന്നെയായി താമസം, പതുക്കെ പ്പതുക്കെ ആശയുടെ ഹൃദയവും അവൻ കവർന്നു. പപ്പാ കടയിലും, പിങ്ക്ളാങ്കി സ്കൂളിലും പോയാൽ അവർ രണ്ടുപേരും മാത്രമാണ് വീട്ടിൽ. താൻ പകലെല്ലാം തന്നെയല്ല എന്ന തോന്നൽ ആശയ്ക്കും വന്നുതുടങ്ങി.

(തുടരും)

# കാറ്റിന്റെ മർമരങ്ങൾ

*6-ാം പേജ് തുടർച്ച*

അമ്മാച്ചൻ പറഞ്ഞു: "വല്യ വീടൊന്നും നോക്കണ്ടാ, നല്ല മനുഷരോണോന്നു നോക്കണം, അതാ പ്രധാനം."

ഇച്ചാച്ചൻ പറഞ്ഞു: "വല്യ കൊഴപ്പമില്ലാത്തോരാ, പണത്തിനും പണ്ടത്തിനും പ്രാധാന്യം കൊടുക്കാഞ്ഞകൊണ്ട് ആദ്യം സംശയാമാരുന്നു, വല്ല കൊഴപ്പം പിടിച്ച കേസുകെട്ടുമാണോന്ന്, കാലമിതല്ലേ സംശയിക്കാതിരിക്കാൻ പറ്റോ? അതാ താമസിച്ചേ, അല്ലെങ്കിൽ നേരത്തേ നടത്താരുന്നു. എല്ലാം വളരെ രഹസ്യമായിത്തെരക്കിയറിഞ്ഞു. തെറ്റില്ലാത്തോരാ."

തിരക്കുള്ള ദിവസങ്ങൾ അതിവേഗം ഓടിക്കൊണ്ടിരുന്നു. ചെറുക്കന്റെ തിരുവല്ലായിലെ തറവാട്ടുവീട്ടിൽ, അടുത്തബന്ധുക്കളിൽ പ്രധാനികളായ ഇരുപത്തിയഞ്ചുപേർപോയി കല്യാണം ഉറപ്പിച്ചു.

"എല്ലാം മുറപോലെ നടത്തുകയാണ്, പെണ്ണിനെന്തു കൊടുക്കണമെന്നുമാത്രം ആരുമൊരക്ഷരവുമുരിയാടുന്നില്ല." അമ്മ സങ്കടപ്പെട്ടു.

"അവര് മന്ത്രകോടിയെടുക്കുമ്പോൾ നമ്മൾ പയ്യന് ഡ്രസ്സ് എടുത്തു കൊടുക്കണം, അവരു കച്ച തരുമ്പം പയ്യനൊരു മാലയിടണം, പെണ്ണു വായിട്ടലച്ചുണ്ടാക്കിയ ഏഴോയെട്ടോ പവനാണ് ആകെള്ളത്. ഇച്ചാച്ചൻ വച്ച പണയം എടുത്തുകൊടുക്കണം. എന്താ ചെയ്കയെന്ന് ഒരു പിടിയും കിട്ടുന്നില്ലല്ലോ ദൈവമേ." അമ്മ വ്യാകുലപ്പെട്ടു.

ജാക്സൺ അമ്മയെ കളിയാക്കി: "എന്റെ വ്യാകുലമാതാവേ, ഇനിയെങ്കിലും ഈ ദാരിദ്ര്യം പറച്ചിലവസാനിപ്പിക്ക്." 'ജാക്സന്റെ സംസാരം എല്ലാവരെയും പൊട്ടിച്ചിരിപ്പിച്ചു.

സാലമ്മ നല്കിയ കല്യാണസാരി ഒരു നേർച്ചപോലെ അമ്മയുടെ അലമാരയിലുണ്ട്. അതിന്റെ മഹത്ത്വം അമ്മ ഇടവിടാതെ വർണ്ണിക്കുന്നുമുണ്ട്.

"റോയിച്ചെറുക്കന് ജോലി ആയിട്ടേള്ളൂ, അവനെക്കൊണ്ടെന്നാ ചെയ്യാമ്പറ്റും?" അമ്മ വീണ്ടും പതം പെറുക്കിക്കരയാൻ ആരംഭിച്ചു.

പെണ്ണിന് എന്തെങ്കിലും നല്കുന്നതിനെ സംബന്ധിച്ച് ഒരക്ഷരവും മിണ്ടിയില്ലെങ്കിലും കല്യാണവിരുന്ന് എങ്ങനെ മോടിയാക്കാം എന്ന് അപ്പന്റെ വീട്ടുകാർ കൂടിയാലോചന നടത്തുന്നുണ്ട്.

"എല്ലാം മുറപോലെ നടത്തണം. എന്താ ഒരു വഴി?" അപ്പൻ താടിക്കു കൈ കൊടുത്തിരിക്കുന്നു.

മറിയക്കുട്ടിക്കൊച്ചമ്മ വന്നു പറഞ്ഞു: "എടീ ലിസീ നിനക്കൊരു ഫോൺകോളുണ്ട്. പ്രേമിന്റെയാ."

സംസാരം തീരുന്നതുവരെ കൊച്ചമ്മ ആ ഫോണിനരികെ തന്നേനിന്നു. അല്ലെങ്കിലും ഫോണിന്റെ എക്സ്റ്റൻഷൻ അവരുടെ കടയിലുണ്ട്. അതുകൊണ്ട് അപ്പു ചോദിച്ചതിനൊക്കെ വളരെച്ചുരുങ്ങിയ വാക്കിൽ അവൾ മറുപടി കൊടുത്തു.

"മന്ത്രകോടിയെടുക്കാൻ വരുമ്പം വേണ്ടപ്പെട്ട എല്ലാരേം കൊണ്ടുവരണം, എനിക്കും അമ്മയ്ക്കും സെലക്ഷനൊന്നുമറിയില്ല. ഉടുത്തോണ്ടുവരാനുള്ള കല്യാണസാരിയും സ്വർണ്ണവും അമ്മച്ചിഎടുത്തുതരും. നാളെ രാവിലെ ടൗണിലേക്കു വന്നാൽ മതി. അതുകഴിഞ്ഞ് ഹോട്ടൽ അഞ്ജലീന്ന് ലഞ്ചു കഴിച്ചിട്ട് ജൂവലറിയിലേക്കു പോകാം. ഓകെ."

ജാള്യം തോന്നിയെങ്കിലും മനസ്സുനിറഞ്ഞ സന്തോഷത്തോടെ, എന്നാൽ കുനിഞ്ഞശിരസ്സോടെ, 'രക്ഷിച്ചവന് തലകൊടുക്കാം' എന്ന അടിമവിചാരത്തോടെ, താഴ്മയായി ലിസി പറഞ്ഞു: "ഞാൻ എല്ലാ കാര്യങ്ങളും പാറേലെ അമ്മച്ചിയോടു പറയാം, അതു പോരേ."

"ഓക്കെ." *(തുടരും)*




**ജൂലൈ 12**
**ശ്ലീഹാക്കാലം**
**ആറാം ഞായർ**

**നിയ 4:1–8**
**ഏശ 2:1–5**
**1 കോറി 10:23–31**
**ലൂക്കാ 12:57–13:5**



# സകലവും കർത്താവിൽനിന്നു വരുന്നു



**ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

**നി**യമാവർത്തനപ്പുസ്തകം ക്രമീകരിച്ചിരിക്കുന്നത് വാഗ്ദത്തനാട്ടിലേക്ക് ഇസ്രയേൽജനം പ്രവേശിക്കുന്നതിനുമുമ്പ് മോശ നല്കുന്ന പ്രബോധനങ്ങൾ ഉൾക്കൊള്ളുന്ന വ്യത്യസ്തപ്രഭാഷണങ്ങളായിട്ടാണ്. അതിൽ ആദ്യപ്രഭാഷണം, നിയമാവർത്തനപ്പുസ്തകം 1:6; 4:40, മരുഭൂമിയിലൂടെയുള്ള ഇസ്രയേൽജനത്തിന്റെ യാത്രയെ അനുസ്മരിച്ചുകൊണ്ട് മോശ നടത്തുന്ന പ്രഭാഷണമാണ്. അതിന്റെ സമാപനമാണ് നാലാം അധ്യായം.

ഈ വചനഭാഗത്ത് മോശ ജനത്തോടാവശ്യപ്പെടുന്നത് തന്നിലൂടെ ദൈവം നല്കിയ നിയമം ഇസ്രയേൽജനത കേൾക്കുക മാത്രമല്ല; മറിച്ച്, അവർ അത് അനുഷ്ഠിക്കുന്നവരാകണം എന്നാണ്. നിയമം കേൾക്കുന്നവർ മാത്രമാകാതെ അതു പ്രവർത്തിക്കുന്നവരാകണം. വചനഭാഗത്ത് ആവർത്തിച്ചുപറയുന്ന കാര്യം നിയമം അനുസരിക്കണം (4:1, 3), അനുഷ്ഠിക്കണം (4:5), പ്രവർത്തിക്കണം (4:6), നിയമം ജീവിക്കണം (4:1) എന്നാണ്. നിയമം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് പത്തുകല്പനകൾ മാത്രമല്ല; പ്രത്യുത, തോറായാണ്; ദൈവവചനമാണ്. ദൈവവചനത്തെ ജീവിതത്തിലൂടെ പ്രാവർത്തികമാക്കാനുള്ള ആഹ്വാനമാണ് മോശ നല്കുന്നത്. കർത്താവേ, കർത്താവേ, എന്ന് എന്നെ വിളിച്ചപേക്ഷിക്കുന്നവനല്ല; പ്രത്യുത സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതെന്നും (മത്താ 7:21) വചനം ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ വിവേകമതിയായ മനുഷ്യനാണ് (മത്താ. 7:24) എന്നും ഈശോ പഠിപ്പിക്കുന്നുണ്ട്.

എന്തുകൊണ്ട് ഇസ്രയേൽ നിയമം പാലിക്കുന്നവരാകണം എന്നതിനു മോശ വിവിധ കാരണങ്ങൾ ജനത്തെ ഓർമിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ സംരക്ഷണവും അനുഗ്രഹവും അവർക്ക് അനുസരണംമൂലം ലഭിക്കും (4:1), ഇസ്രയേലിനു ദൈവം ചെയ്തിട്ടുള്ള മഹത്തായ ചെയ്തികൾക്ക് അവിടുത്തോടു കാണിക്കുന്ന നന്ദിയാണ് അനുസരണം, ദൈവത്തിന്റെ സ്നേഹത്തോടുള്ള മനുഷ്യന്റെ പ്രത്യുത്തരമാണ് അനുസരണം (4:37), അവർ അനുസരിക്കുവൻ കടപ്പെട്ടവരാണ്; കാരണം, അവർ ദൈവത്തിന്റേതാണ് (നിയമ 14:1). നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെ നമ്മുടെ ദൈവമായ കർത്താവു നമുക്കു സമീപസ്ഥനായിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തുള്ള വേറെ ഏതു ശ്രേഷ്ഠജനതയാണുള്ളത്? (4:7). അനുസരണം ജനതകളുടെ മുമ്പിൽ ഒരു സാക്ഷ്യമായിരിക്കും. ഇസ്രയേൽ സാക്ഷ്യം നല്കുന്നതിനു വിളിക്കപ്പെട്ടവരാണ്. തങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ അനുസരിക്കുന്നതിലൂടെ ജനതകളുടെയിടയിൽ ഇസ്രയേൽജനം അവിടുത്തേക്കു സാക്ഷ്യം നല്കുകയാണ്.

ഇസ്രയേലിനു വരാനിരിക്കുന്ന മഹത്ത്വത്തെക്കുറിച്ചാണ് രണ്ടാമത്തെ വായനയിൽ ഏശയ്യാപ്രവാചകനിലൂടെ സംസാരിക്കുന്നത്. അവസാനനാളുകളിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, യുഗാന്ത്യത്തെക്കുറിച്ചല്ല; മറിച്ച്, ഇസ്രയേൽ അനുഭവിക്കുന്ന കഷ്ടതകൾക്ക് അവസാനം എന്ന അർഥത്തിലാണ്. 'സിയോനിൽനിന്നു കർത്താവിന്റെ നിയമം പുറപ്പെടും; അവിടുത്തെ വചനം ജറുസലേമിൽനിന്നും' എന്നു പറയുന്നത് മിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള സൂചനയാണ്. സിയോനിൽനിന്നു പുറപ്പെടുന്ന വചനം മിശിഹാതന്നെയാണ്. കർത്താവ് നല്കുന്ന സമാധാനം സൂചിപ്പിക്കുന്ന വചനമാണ് അവരുടെ വാൾ കൊഴുവും കുന്തം വാക്കത്തിയുമായി അടിച്ചു രൂപപ്പെടുത്തും (2:3) എന്നത്. അതായത്, അവരുടെ യുദ്ധോപകരണങ്ങൾ പണിയായുധങ്ങളാക്കി മാറ്റപ്പെടും. യുദ്ധങ്ങൾ അവസാനിക്കും എന്നതിന്റെ സൂചനയാണ് ഇതു നല്കുന്നത്.

മൂന്നാമത്തെ വായന പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽനിന്നുമാണ്. കോറിന്തോസിലെ വിശ്വാസികൾക്കിടയിലുണ്ടായിരുന്ന ചില പ്രശ്നങ്ങൾക്ക് ഉത്തരം കൊടുക്കുന്നതിന്റെ ഭാഗമായുള്ളതാണ് ഈ വചനഭാഗം. ആദിമസഭയിൽ; പ്രത്യേകിച്ച്, പൗലോസ് ശ്ലീഹായുടെ പ്രവർത്തനഫലമായി വിജാതീയരുടെയിടയിൽ രൂപംകൊണ്ട കോറിന്തോസിലെ സഭയിൽ ചില പ്രശ്നങ്ങളുണ്ടായിരുന്നു. അവയിലൊന്ന് വിശ്വാസത്തിലേക്കു വരാത്തവരുമായുള്ള വിശ്വാസികളുടെ ബന്ധം എപ്രകാരമായിരിക്കണം; അവരുടെ ആചാരങ്ങളോടുള്ള മനോഭാവം എന്തായിരിക്കണം എന്നതാണ്. ശ്ലീഹാ പറയുന്നു: നിങ്ങൾ സമൂഹത്തിൽ ജീവിക്കുമ്പോൾ മറ്റുള്ളർ നിങ്ങളെ ഭക്ഷണത്തിനുവിളിക്കുകയാണെങ്കിൽ അവർ വിളമ്പിത്തരുന്ന എന്തും മനശ്ചാഞ്ചല്യം കൂടാതെ കഴിച്ചുകൊള്ളുക എന്നാണ്. കാരണം, ഭൂമിയും അതിലുള്ളതെല്ലാം കർത്താവിന്റേതാണ്. തുടർന്നാണ് ഒരു പ്രത്യേക വിഷയം പൗലോസ് ശ്ലീഹാ ചർച്ചചെയ്യുന്നത്. അതായത്, കഴിക്കാൻ വിളമ്പിയിരിക്കുന്ന ഭക്ഷണം വിഗ്രഹങ്ങൾക്കർപ്പിച്ചതാണ് എന്ന് ആരെങ്കിലും പറഞ്ഞാൽ എന്തു ചെയ്യണം? ഇപ്രകാരമുള്ള മാംസം രണ്ടുവിധത്തിൽ ലഭിക്കാൻ സാധ്യതയുണ്ട്. 1. മേല്പറഞ്ഞവിധത്തിൽ വിജാതീയരുടെ ഭവനങ്ങളിൽ ഭക്ഷണത്തിനിരിക്കുമ്പോൾ 2. വിഗ്രഹങ്ങൾക്കർപ്പിച്ച മാംസം ചന്തയിൽനിന്നു വാങ്ങുന്നത്. അക്കാലത്ത് വിജാതീയരുടെ ക്ഷേത്രങ്ങളിൽ ബലിയായി അർപ്പിക്കപ്പെടുന്ന മൃഗങ്ങളുടെ മാംസം ചന്തയിൽ വാങ്ങാൻ ലഭിക്കുമായിരുന്നു അപ്രകാരമുള്ള മാംസം വാങ്ങി ഭക്ഷിക്കുന്നതും ഒരു വിഷയമായിരുന്നു. പൗലോസ് ശ്ലീഹാ പറയുന്നു: ഒരു യഥാർഥവിശ്വാസിക്ക് ഇവ കഴിക്കുന്നതുകൊണ്ട് ഒരു പ്രശ്നവുമില്ല. കാരണം, അവനെ സംബന്ധിച്ച് ഒരു ദൈവമേയുള്ളൂ. മറ്റു ദൈവങ്ങളൊന്നുമില്ല. അതിനാൽ അവന് ഏതു ഭക്ഷണവും കഴിക്കാം. ചുരുക്കിപ്പറഞ്ഞാൽ പൗലോസ് പറയുന്നു: ഭക്ഷണത്തിനൊന്നും മതമില്ല. എന്നാൽ, വിശ്വാസത്തിൽ ഉറയ്ക്കാത്തവർക്ക്; പ്രത്യേകിച്ച്, ജനതകളുടെയിടയിൽനിന്നു പുതുതായി സ്വീകരിച്ചവർക്ക് ഇത് ഒരു പക്ഷേ ഇടർച്ചയ്ക്കു കാരണമാകാം. അതായത്, അവർ ഇത്രയുംനാൾ പൂജിതമായി അർപ്പിച്ചു കഴിച്ചിരുന്നതു തുടർന്നും അതേ മനോഭാവത്തോടെ കഴിക്കാൻ ഇടയുണ്ട്. അത്തരം സാഹചര്യത്തിൽ ഇപ്രകാരമുള്ള ഭക്ഷണം വേണ്ടെന്നുവയ്ക്കുന്നതാണ് ഉത്തമമെന്നു പഠിപ്പിക്കുന്നു. നിയമങ്ങളെ വിവേകത്തോടെ ഉപയോഗിക്കണം എന്നാണ് ശ്ലീഹാ പഠിപ്പിക്കുന്നത്.

സുവിശേഷത്തിലൂടെ ലൂക്കാശ്ലീഹാ അനുതാപത്തിനും അനുരഞ്ജനത്തിനുമുള്ള ആഹ്വാനമാണ് നല്കുന്നത്. ന്യായാധിപന്റെ പക്കലേക്കു പോകുമ്പോൾത്തന്നെ ശത്രുവുമായി രമ്യതപ്പെടാൻ വചനം ആവശ്യപ്പെടുന്നു. ശിക്ഷ ഒഴിവാക്കുന്നതിനുള്ള മാർഗമാണത്. ഈശോ പറയുന്ന രണ്ട് ഉദാഹരണങ്ങളാണ് ലൂക്കാശ്ലീഹാ എടുത്തുകാട്ടുന്നത്. ശീലോഹായിലെ ഒരു ദുരന്തവും, പീലാത്തോസിന്റെ ഒരു ക്രൂരകൃത്യവും. രണ്ടു ദുരിതങ്ങൾ പരാമർശിച്ചിട്ട് ഈശോ ചില പാഠങ്ങൾ പഠിപ്പിക്കുന്നു: ഒരുവന് എന്തെങ്കിലും സഹനമോ ദുരന്തമോ ഉണ്ടാകുമ്പോൾ അത് അവനെതിരേ വിധി പ്രസ്താവിക്കുവാനുള്ള അവസരമായി മാറ്ററുത്. സഹനമോ ദുരന്തമോ ഉണ്ടാകുന്നതു കാണുമ്പോൾ നീ അവരെക്കാൾ മെച്ചപ്പെട്ടവനാണെന്നു ചിന്തിക്കരുത്. നിനക്ക് ഒരു അടയാളമായി അവ മാറണം. അവ നിന്നെ അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കണം.

■



ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ഒരു വിശ്വാസി

# മഴയുടെ കനലുകൾ



കഥ

ശിവദാസ് പുലിയന്നൂർ

മഴനൂലുകൾക്കു കനംകുറഞ്ഞപ്പോൾ മാനുക്കുട്ടൻ ജനാലയിലൂടെ പുറത്തേക്കു നോക്കി. കിഴക്കൻമാനത്ത് കാർമേഘങ്ങൾ കാത്തുകിടക്കുന്നു. പാടംനിറഞ്ഞ് പുഴവെള്ളം അടുത്തുള്ള പറമ്പിലേക്ക് എത്തിനോക്കുന്നു. പാടത്തിന്റെ അരികിലൂടെയുള്ള പാത പൂർണമായും മൂടിക്കിടക്കുന്നു. പാടത്തിനു നടുവിലൂടെ കുട്ടികൾ കൊച്ചുവള്ളങ്ങളിൽ വള്ളംകളി നടത്തുന്നു.

മാനുക്കുട്ടന് മഴയെ പേടിയാണ്. പെരുമഴയിൽ പുഴനിറയുമ്പോൾ മനസ്സിൽ ഭയം പെരുമ്പറകൊട്ടും.

എന്നാൽ പണ്ട്... ബാല്യത്തിൽനിന്നു കൗമാരത്തിലേക്കു കടക്കുന്ന കാലത്ത് മാനുക്കുട്ടന് മഴയോടു പ്രണയമായിരുന്നു. പെരുമഴക്കാലത്ത് പുഴ നിറയുമ്പോൾ, പുഴ പാതകളിലേക്കു കടന്നുകയറുമ്പോൾ ആനന്ദത്തിൽ ആറാടിയിട്ടുണ്ട്. പുതുമഴയിൽ പുഴയിൽ മീനുകൾ വിരുന്നെത്തുമ്പോൾ അച്ഛനൊപ്പം കൂട്ടുപോയിട്ടുണ്ട്. കൂടനിറയെ മീനുമായി പാതിരാത്രിയിൽ തിരിച്ചെത്തുമ്പോൾ ജേതാവിന്റെ ഭാവമായിരുന്നു മുഖത്ത്.

മാനുക്കുട്ടന്റെ വീടിനുമുമ്പിൽ പാടമാണ്. പാടത്തിന്റെ നടുവിലൂടെയാണ് പുഴ ഒഴുകുന്നത്. ചെറിയ പുഴ... ആ പുഴയിലാണ് അക്കാലത്ത് നാട്ടിലെ എല്ലാവരും കുളിച്ചിരുന്നതും മറ്റും. പാടത്തിന്റെ അരികിലൂടെ പാതയാണ്. പ്രധാനപാതയിലേക്കു ചെന്നെത്തുന്ന ഉപപാത. ആ പാതയുടെ ഒരു വശത്ത് ആൽത്തറയുണ്ട്. ആൽത്തറയുടെ പിന്നിൽ അമ്പലവും.

മാനുക്കുട്ടന് പ്രായം അറുപതു കഴിഞ്ഞു. നാട്ടിലെ എൽ.പി. സ്കൂളിലെ പാർട്ട് ടൈം ജീവനക്കാരനാണ്. എഴുപതു വയസ്സുവരെ ജോലി ചെയ്യാം. ചെറുതെങ്കിലും സ്ഥിരവരുമാനമാണ്. വൈകി വിവാഹം ചെയ്തതുകൊണ്ട് മകന് വയസ്സ് പതിനാറു കഴിഞ്ഞതേയുള്ളു. ഭാര്യ തൊഴിലുറപ്പു ജോലിക്കു പോകുന്നതുകൊണ്ട് വീട്ടിൽ ഇരട്ടവരുമാനമാണ്.


പെട്ടെന്ന് മഴ ആർത്തലച്ചു പെയ്യാൻ തുടങ്ങി. ഒപ്പം ശക്തമായ കാറ്റും ഇടിമിന്നലും. മാനുക്കുട്ടന്റെ മനസ്സ് ചിന്തകളിൽനിന്നും ഭയത്തിന്റെ കയങ്ങളിലേക്കു വഴുതിവീണു. പിന്നെ ഒരാശ്വാസത്തിനായി ജനലഴികളിൽ മുഖം ചേർത്ത് ഭീതിയോടെ പുറത്തെ മഴയിലേക്കും പാടം നിറഞ്ഞുകവിയുന്ന വെള്ളത്തിലേക്കും നോക്കിനിന്നു.

മകൻ പിറകിൽനിന്നും അയാളെ തൊട്ടുവിളിച്ചു.

“അച്ഛാ ഞാൻ നമ്മുടെ വള്ളത്തിൽ അക്കരെ അമ്പലപ്പറമ്പിലേക്ക് ഒന്നു പോയിട്ടു വരാം. മഴയത്തു വള്ളം തുഴയാൻ നല്ല രസമാ...”

അവൻ ആവേശത്തോടെ ആവശ്യപ്പെട്ടു.

“വേണ്ട.” അയാൾ അലറുന്ന മട്ടിൽ പറഞ്ഞു. മകൻ സങ്കടം ഉള്ളിലൊതുക്കി മിണ്ടാതെനിന്നു. ഭാര്യ അകത്തുനിന്നും അയാളെ ശ്രദ്ധിക്കുന്നത് അപ്പോഴാണു കണ്ടത്. ഒന്നും പറയാതെ മകനെ ചേർത്തുപിടിച്ച് അടുക്കളയിലേക്കു നടന്നുപോയ ഭാര്യയെ മാനുക്കുട്ടൻ കണ്ടില്ലെന്നു നടിച്ചു.



ശക്തമായൊരു കാറ്റ് മുന്നറിയിപ്പൊന്നും കൊടുക്കാതെ അയാളുടെ തോളിലെ മേൽമുണ്ട് പറത്തിക്കൊണ്ടുപോയി. നഗ്നമായ വലംതോളിൽ അയാളുടെ കണ്ണുകൾ ഉടക്കിനിന്നു. മുറിച്ചുമാറ്റപ്പെട്ട വലംകൈയുടെ ഭാഗത്ത് ഇടംകൈയാൽ അറിയാതെയൊന്നു തലോടിപ്പോയി.

മാനുക്കുട്ടന്റെ മനസ്സ് വർഷങ്ങൾക്കു പിറകിലേക്കു പറന്നു. കൗമാരത്തിൽ ഇതുപോലൊരു മഴക്കാലത്ത് പാടം നിറഞ്ഞു പുഴ ആർത്തുല്ലസിച്ച ദിവസങ്ങളിലൊന്നിൽ കൊച്ചുവള്ളത്തിൽ അമ്പലപ്പറമ്പ് ലക്ഷ്യമാക്കി ഒറ്റയ്ക്കു തുഴഞ്ഞത് ഇന്നലെയെന്നപോലെ മനസ്സിൽ തെളിഞ്ഞുവരുന്നു. വള്ളം പാടത്തിന്റെ നടുവിൽ എത്തിയപ്പോൾ പെട്ടെന്ന് മഴ ഭീകരരൂപം പൂണ്ടു. കൊടുങ്കാറ്റ് ചീറിയടിച്ചു. ഇടിമിന്നലുകൾ തലങ്ങും വിലങ്ങും വാൾ വീശി. ഇടിമുഴക്കങ്ങൾ വൻ സ്ഫോടനങ്ങളായി. പൊടുന്നനെയാണ് പാടത്തിനു മുകളിലെ കറന്റുകമ്പി പൊട്ടി മുഖത്തേക്കു പതിക്കുന്നത്. നിമിഷമാത്രയിൽ വലംകൈകൊണ്ട് കറന്റു കമ്പി തട്ടുമാറ്റിയതു മാത്രം ഓർമയുണ്ട്. ദിവസങ്ങൾക്കുശേഷം കൺതുറക്കുമ്പോൾ വലംകൈയുടെ ഭാഗത്ത് തുണിക്കെട്ടുകൾ മാത്രം.

കണ്ണീരിന്റെ അകമ്പടിയോടെ അമ്മയാണ് കാര്യങ്ങൾ പിന്നീട് പറഞ്ഞുതന്നത്. കറന്റുകമ്പി കൈകൊണ്ടു തട്ടിയപ്പോൾ ദേഹത്തേക്കു കറന്റടിച്ചതും വലംകൈ കരിഞ്ഞുപോയതും ജീവൻതന്നെ തുലാസിലായതും ഒക്കെ... പിന്നെ വേദനയുടെ ദിനരാത്രങ്ങൾ എത്ര കടന്നുപോയി! അവസാനം വൈകിയാണെങ്കിലും അതിന്റെ പേരിലൊരു ജോലി.

മാനുക്കുട്ടൻ അകലേക്കു നോക്കിയിരുന്നു. മകനോട് അത്ര രൂക്ഷമായി പറയേണ്ടിയിരുന്നില്ല. അല്പം കുറ്റബോധം മനസ്സിൽ ഉറഞ്ഞുകൂടി.

പിന്നിൽ കാൽപ്പെരുമാറ്റം കേട്ട് തിരിഞ്ഞുനോക്കി. മകൻ... അവൻ അടുത്തുവന്ന് അയാളെ കെട്ടിപ്പിടിച്ചു. പിന്നെ വലത്തുതോളിൽ അറ്റുപോയ വലംകൈയുടെ ഭാഗത്ത് മെല്ലെ തലോടി... ഭാര്യസ്നേഹത്തോടെ അയാളെ നോക്കി നിന്നു. ■

---

ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# കടിഞ്ഞൂൽ

വ്യാകരണപഠനത്തിൽ പ്രസക്തമായ രണ്ടു സാങ്കേതിക സംജ്ഞകളാണ് അനുനാസികപ്രസരവും അനുനാസികാതിപ്രസരവും. രണ്ടും തമ്മിൽ സാജാത്യ വൈജാത്യങ്ങൾ ഉണ്ട്. സന്ധിയിൽ, അനുനാസികം ഇല്ലാത്തിടത്ത് അനുനാസികം ആഗമിക്കുന്നതാണ് അനുനാസികപ്രസരം. അനുനാസികാതിപ്രസരമാകട്ടെ, അനുനാസികം പരവർണമായ ഖരത്തെക്കൂടി അനുനാസികമാക്കുന്ന പ്രവണതയാണ്. (അനുനാസികം + ഖരം → അനുനാസികം + അനുനാസികം = അനുനാസികാതിപ്രസരം) അനുനാസികപ്രസരം ആഗമവും അനുനാസികാതിപ്രസരം ആദേശവുമെന്നത്രേ അവ തമ്മിലുള്ള ഭേദം. രണ്ടു വികാരത്തിലും നിമിത്തഘടകമെന്നത് സാധർമ്മ്യവും ഖരം അനുനാസികമായി മാറുന്നുവെന്നത് വൈധർമ്യമായും കരുതാം. രണ്ടു പ്രവണതകളും ഒരു വാക്കിൽ യഥാകാലം പ്രവർത്തിക്കുന്നത് അസാധാരണമല്ല.

കടിഞ്ഞൂൽ എന്ന വാക്കിന്റെ നിഷ്പത്തി എടുക്കാം. കടി+ചൂൽ ആണ് സന്ധിയിൽ കടിഞ്ഞൂൽ എന്നാകുന്നത്. ആദ്യത്തെ ഗർഭമോ പ്രസവമോ ആണ് കടിഞ്ഞൂൽ. കടി എന്നതിന് ആദ്യത്തേത് എന്നും ചൂൽ എന്നതിന് ഗർഭം (ഗർഭധാരണം) എന്നും സന്ദർഭനിഷ്ഠമായി വിവക്ഷിതം കല്പിക്കാം. കടി + ചൂൽ, അനുനാസികപ്രസരത്താൽ കടി + ഞ് + ചൂൽ എന്നും അനുനാസികാതിപ്രസരംകൊണ്ട് കടിഞ്ഞൂൽ (കടി + ഞ് + ഞൂൽ) എന്നും രൂപം മാറുന്നു. ഇവിടെ ഉത്തരപദം ചൂൽ ആണ്; ചൂലിന്റെ ആദ്യവർണം ഖരവും. ആ ഖരത്തിന്റെ (ച) സ്വവർഗാനുനാസികമാണ് ഞ. താലവ്യാനുനാസികമായ ഞ താലവ്യഖരമായ ചയെ പൂർവസവർണനംകൊണ്ട് താലവ്യമാക്കുന്നു. ഖരത്തിന്റെ സ്ഥാനത്ത് അനുനാസികം വരുന്നതിനാൽ ഇത് ആദേശസന്ധിയിൽപ്പെടും. *ഇങ്ങനെ അനുനാസികാഗമവും അനുനാസികാതിപ്രസരവും ഒരേ പദത്തിൽ സംഭവിക്കുന്നു. ഈ വിനിമയത്തെ ഇങ്ങനെ രേഖപ്പെടുത്താം. കടി + ഞ് + ചൂൽ → കടി + ഞ് + ഞൂൽ = കടിഞ്ഞൂൽ. (കടിഞ്ചൂൽ → കടിഞ്ഞൂൽ). ആദ്യത്തെ പ്രസവത്തിന് കടിഞ്ഞൂൽപ്പേറ് എന്നും ദുർബലനും മന്ദബുദ്ധിയുമായ ആദ്യസന്താനത്തിന് കടിഞ്ഞൂൽ പൊട്ടൻ എന്നും സാമാന്യമായി വ്യവഹരിക്കുന്നു. സംസാരഭാഷയിൽ കടിഞ്ഞുപ്രസവം, കടിഞ്ഞൂപ്പൊട്ടൻ എന്നിങ്ങനെ രണ്ടു പദങ്ങൾക്കും രൂപമാറ്റമുണ്ട്. “കന്യപൃഥയ്ക്കു കടിഞ്ഞൂൽക്കിടാവായ/ കർണൻ, കരാഞ്ചിതകാളപൃഷ്ഠൻ” (കർണഭൂഷണം) എന്നാണല്ലോ ഉള്ളൂർ രേഖപ്പെടുത്തിയിട്ടുള്ളത്.**

*ലത, വി. നായർ, എൻ. ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ (സമ്പാദനം) വാല്യം രണ്ട്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം-43.

** പരമേശ്വരയ്യർ, എസ്, ഉള്ളൂർ, കർണഭൂഷണം, ഉള്ളൂർ പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1989, പുറം - 11

---

കവിത

ചാക്കോ സി. പൊരിയത്ത്

## കയറ്റവും ഇറക്കവും

ഇറക്കത്തിലാണാ,ഞ്ഞു
തൊഴിച്ചോളുക;യെന്റെ
പതനമനല്പമാം
സുഖമേകിടുന്നെങ്കിൽ...
അവിടെ,ത്താഴ്വാരത്തി-
ലടിഞ്ഞു തറപറ്റി,-
യനന്തകാലത്തോളം
കിടക്കുമെന്നാണെങ്കിൽ
അവിടെ,ക്കണക്കെല്ലാം
നിനക്കു തെറ്റും, വേഗം
മുകളിൽ തിരിച്ചെത്തു-
മിവ,നെന്നറിയുക...


## അപരിചിതൻ

അവരാരുമെന്നെ-
യറിയുന്നീലെന്നു
പരിഭവിച്ചു ഞാൻ
തിരിച്ചുപോരവേ,
ഇവരുറപ്പായു-
മറിയുമെന്നുള്ള
പ്രതീക്ഷയെന്നുള്ളിൽ
തിരികൊളുത്തുന്നു...
ഇവർതൻ മൗനവും
പറയുന്നെന്നോടാ-
യറിവീലാ നിന്നെ-
യവരും ഞങ്ങളും...!

## ഒറ്റച്ചോദ്യം മാത്രം!

നിഷ്പക്ഷനിലയെന്ന
നില പാടില്ല! രണ്ടു
പക്ഷമേയിപ്പോളുള്ളു
കേൾക്കുക,മാലോകരേ:
വേടനൊപ്പമോ വേട-
ന്നെതിരോ,പറയുക
വേഗമുത്തരം,ജീവൻ
വേണമെന്നാണെങ്കിലോ...!

# പട്ടിണി ലോകത്തെ ഏറ്റവും വലിയ വെല്ലുവിളി
## ലെയോ പാപ്പാ



വത്തിക്കാൻ: പട്ടിണി ലോകത്തെ ഏറ്റവും വലിയ വെല്ലുവിളിയെന്നു ലെയോ പാപ്പാ. ജൂൺ 30 ന് റോമിൽ എൺപതാം പിറന്നാൾ ആഘോഷിക്കുന്ന ഭക്ഷ്യകൃഷിസംഘടനയുടെ നാല്പത്തിനാലാമതു യോഗത്തിനു നല്കിയ സന്ദേശത്തിലാണു പാപ്പാ ഇക്കാര്യം സൂചിപ്പിച്ചത്.

പട്ടിണി ഒരു യുദ്ധായുധമായി ഉപയോഗിക്കപ്പെടുന്ന അനീതിപരമായ പ്രവണതയെ മാർ പാപ്പാ അപലപിച്ചു.

ജനങ്ങളെ പട്ടിണിക്കിട്ടു കൊല്ലുന്നത് സാമ്പത്തികമായി വളരെ ചെലവുകുറഞ്ഞ യുദ്ധരീതിയാണെന്നും നിസ്സഹായരായ ജനങ്ങളെ നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നവർ എപ്പോഴും ഉപയോഗിക്കുന്ന തന്ത്രങ്ങളാണിവയെന്നും പാപ്പാ സന്ദേശത്തിൽ പറഞ്ഞു.

ലോകത്തിൽ പട്ടിണി എന്ന അപമാനത്തിന് അറുതിവരുത്തുന്നതിനുള്ള എല്ലാ സംരംഭങ്ങളെയും കർത്താവായ യേശുവിന്റെ വികാരങ്ങൾ സ്വന്തമാക്കിക്കൊണ്ട് സഭ പ്രോത്സാഹിപ്പിക്കുന്നുവെന്നും, പട്ടിണിയെ പരാജയപ്പെടുത്തുന്നതിനുള്ള താക്കോൽ അത്യാർത്തിയോടെ എല്ലാം ശേഖരിച്ചുകൂട്ടുന്നതിനെക്കാൾ പങ്കിടുന്നതിലാണെന്ന് യേശു അപ്പവും മീനും വർധിപ്പിച്ച് അയ്യായിരങ്ങളെ ഊട്ടിയ അദ്ഭുതപ്രവൃത്തി ഉദാഹരിച്ചുകൊണ്ടു പാപ്പാ വ്യക്തമാക്കി.

സാധാരണപൗരന്മാർ ദാരിദ്ര്യത്താൽ തളരുമ്പോൾ, രാഷ്ട്രീയനേതാക്കൾ അഴിമതി നടത്തിയും ശിക്ഷയെ വെല്ലുവിളിച്ചും തടിച്ചുകൊഴുക്കുകയാണെന്നു പറഞ്ഞ പാപ്പാ, ഇതു തിരിച്ചറിഞ്ഞ് അവയ്ക്ക് ഉത്തരവാദികളായവരെയും അവ നടപ്പിലാക്കുന്നവരെയും ശിക്ഷിക്കേണ്ട സമയമാണിതെന്ന് ഓർമിപ്പിച്ചു.

രാഷ്ട്രീയപ്രതിസന്ധികൾ, സായുധസംഘങ്ങൾ, സാമ്പത്തികപ്രശ്നങ്ങൾ എന്നിവ മനുഷ്യപുരോഗതിക്കു തടസ്സം സൃഷ്ടിക്കുകയും പ്രാദേശിക കാർഷികോത്പാദനത്തെ തളർത്തുകയും ചെയ്തുകൊണ്ട് ഭക്ഷ്യപ്രതിസന്ധി വഷളാക്കുന്നതിൽ മുഖ്യപങ്കു വഹിക്കുന്നുവെന്നും ആഹാരം നിഷേധിക്കുന്നതിലൂടെ മാന്യവും നിരവധി അവസരങ്ങളേകുന്നതുമായ ഒരു ജീവിതം നയിക്കാനുള്ള അവകാശം നിഷേധിക്കുന്നുവെന്നും പാപ്പാ പറഞ്ഞു.

# ജൂലൈ 3 പൊതു അവധിദിവസമായി പ്രഖ്യാപിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ്

കടുത്തുരുത്തി: ക്രൈസ്തവർ മാർത്തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ആഘോഷിക്കുന്ന ജൂലൈ 3 സർക്കാർ അവധി ദിവസമായി പ്രഖ്യാപിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് കടുത്തുരുത്തി മേഖലാസമ്മേളനം ഗവൺമെന്റിനോട് ആവശ്യപ്പെട്ടു.

മാന്നാർ സെന്റ് മേരീസ് പള്ളിയങ്കണത്തിൽ ചേർന്ന മേഖലാസമ്മേളനം വികാരി ഫാദർ സിറിയക് കൊച്ചുകൈപ്പെട്ടിയിൽ ഉദ്ഘാടനം ചെയ്തു.

മേഖല പ്രസിഡന്റ് രാജേഷ് ജെയിംസ് കോട്ടായിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കത്തോലിക്കാ കോൺഗ്രസ് രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരി മുഖ്യപ്രഭാഷണം നടത്തി. രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, മേഖല സെക്രട്ടറി ജോർജ് മങ്കുഴിക്കരി, ജെറി ജോസഫ് പനയ്ക്കൽ, മനോജ് കടവന്റെകാല എന്നിവർ സംസാരിച്ചു.



ജൂലൈ 3 ദുക്റാനത്തിരുനാൾ പൊതുഅവധിയായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് മന്ത്രിമാരായ ശ്രീമതി ആർ.ബിന്ദു, ശ്രീ റോഷി അഗസ്റ്റിൻ എന്നിവർക്ക് പാലാ രൂപത യുവജനപ്രസ്ഥാനമായ എസ്.എം.വൈ.എം. - കെ.സി.വൈ.എം. നിവേദനം സമർപ്പിക്കുന്നു.



പാലാ രൂപത മുൻ വികാരി ജനറാൾ ഫാ. ഫിലിപ്പ് ഞരളക്കാട്ട് രചിച്ച 'പാലാ രൂപത മെഡിക്കൽ രംഗത്തേക്ക്' എന്ന പുസ്തകം രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ ജോസഫ്. തടത്തിലിനു നൽകി പ്രകാശനം ചെയ്യുന്നു. ഫാ. ജോസ് കീരഞ്ചിറ, ഫാ. ജോസഫ് കുഴിഞ്ഞാലിൽ, ഗ്രന്ഥകർത്താവ്, മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, റവ. ഡോ. ഇമ്മാനുവേൽ പാറേക്കാട്ട്, ഫാ. മാത്യു ചേന്നാട്ട് എന്നിവർ സമീപം.

# ഭരണാധികാരികൾ മാരകലഹരിക്കെതിരെ പിടിമുറുക്കണം: ബിഷപ് കല്ലറങ്ങാട്ട്
### ലഹരിവിരുദ്ധ മാസാചരണപരിപാടികൾക്ക് പാലായിൽ ഉജ്ജ്വലതുടക്കം



കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംഘടിപ്പിച്ച ലഹരിവിരുദ്ധ സംസ്ഥാനതലസമ്മേളനം പാലാ അൽഫോൻസാ കോളജിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. ജോസ് കവിയിൽ, ആന്റണി മാത്യു, സാബു എബ്രാഹം, ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫ്രാൻസിസ് ജോർജ് എം.പി., പ്രസാദ് കുരുവിള, മാണി സി. കാപ്പൻ എം.എൽ.എ., സിസ്റ്റർ ഡോ. മിനിമോൾ മാത്യു, ജെക്സി ജോസഫ്, അലക്സ് കെ. എമ്മാനുവേൽ എന്നിവർ സമീപം.

ഭരണാധികാരികൾ മാരകലഹരികൾക്കെതിരേ ശക്തമായി പിടിമുറുക്കണമെന്ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. ആഗോള ലഹരിവിരുദ്ധദിനാചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംഘടിപ്പിച്ച സംസ്ഥാനതല ലഹരിവിരുദ്ധ സമ്മേളനം പാലായിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്.

എവിടെ നിയമം ബലഹീനമാക്കപ്പെടുന്നുവോ അവിടെയെല്ലാം അച്ചടക്കരാഹിത്യം ഉണ്ടാകുന്നു. ചെറിയ ലഹരിക്കേസുകൾ വലിയ പ്രചാരണത്തോടെ പിടിക്കപ്പെടുകയും വലിയവ വലഭേദിച്ച് രക്ഷപ്പെടുകയും ചെയ്യുകയാണ്. അക്രമങ്ങളും കൊലപാതകങ്ങളുമില്ലാത്ത സിനിമകൾ പരാജയമാണെന്ന ചിന്ത മാറണം. ഇത്തരം ചിന്തകൾ ഇളംതലമുറയെ ഏറെ സ്വാധീനിക്കുന്നുണ്ട്. മദ്യ-മയക്കുമരുന്ന് സംസ്കാരം മനുഷ്യന്റെ നിലവാരത്തകർച്ചയാണു സൂചിപ്പിക്കുന്നത്. മയക്കുമരുന്നുകളുടെ സ്വാധീനം സംസ്ഥാനത്ത് ഏറെ വർദ്ധിച്ചിരിക്കുന്നു. ലഹരിക്കെതിരെ പൊതുസമൂഹം ഒന്നിച്ചു പ്രതികരിക്കുകയും ചിന്തിക്കുകയും ചെയ്യണമെന്നും ബിഷപ് പറഞ്ഞു.

രൂപത പ്രസിഡന്റും സംസ്ഥാന സെക്രട്ടറിയുമായ പ്രസാദ് കുരുവിള അധ്യക്ഷത വഹിച്ചു. ഫ്രാൻസിസ് ജോർജ് എം.പി., മാണി സി. കാപ്പൻ എം.എൽ.എ, ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, സിസ്റ്റർ മിനിമോൾ മാത്യു, സാബു എബ്രാഹം, എക്സൈസ് ഇൻസ്പെക്ടർ ജെക്സി ജോസഫ് എന്നിവർ പ്രസംഗിച്ചു. പ്രസാദ് കുരുവിള ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ഒരു മാസം നീണ്ടുനിൽക്കുന്ന ലഹരിവിരുദ്ധ സമ്മേളനങ്ങൾ, സെമിനാറുകൾ, കോർണർ യോഗങ്ങൾ, തൊഴിൽ മേഖലകളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയുമുള്ള സന്ദേശ-പ്രതിജ്ഞാ പരിപാടികൾ, ഹ്രസ്വചിത്രപ്രദർശനം എന്നിവയ്ക്കു സമിതിയുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ നേതൃത്വം നൽകും.

## അപേക്ഷ ക്ഷണിക്കുന്നു

2025-27 അധ്യയനവർഷത്തേക്കുള്ള പ്രീ-പ്രൈമറി ടീച്ചർ ട്രെയിനിങ് കോഴ്സിലേക്ക് പ്രവേശനം ആരംഭിച്ചു.

കോഴ്സ് വിശദവിവരം: പ്രീ-പ്രൈമറി ടീച്ചർ ട്രെയിനിങ് (സർട്ടിഫിക്കേറ്റ് കോഴ്സ്) ദൈർഘ്യം: 2 വർഷം. പഠനമാധ്യമം: മലയാളം. പ്രവേശനയോഗ്യത: പ്ലസ് ടു പാസായിരിക്കണം, കൂടാതെ 45% മാർക്കുണ്ടായിരിക്കണം. ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവർക്കു മുൻഗണന. പ്രവേശനസീറ്റുകൾ: 36. വിലാസം: എസ്.എച്ച്. പ്രീ-പ്രൈമറി ടീച്ചർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, (കേരള സർക്കാർ & NCTE അംഗീകൃതം), പാലാ പി.ഓ., കോട്ടയം ജില്ല 686575.
ഫോൺ: 8590934227. ഇമെയിൽ: shppttipala@gmail.com
വെബ്സൈറ്റ്:www.shswipala.org

## കൗൺസലിങ് ഡിപ്ലോമ കോഴ്സ്

പാലാ മൂന്നാനി ക്രിസ്തുരാജ് സെന്ററിലുള്ള ഗവൺമെന്റ് അംഗീകൃത കൗൺസലിങ് കോഴ്സിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.
ഫോൺ: 9747497367, 9496115252.

## ആഡോൺ കോഴ്സ്

പാലാ: കോളജ് പഠനത്തോടൊപ്പം പൂർത്തീകരിക്കാവുന്ന സിവിൽ സർവീസ് ആഡോൺ കോഴ്സിന്റെയും ഹയർസെക്കൻഡറി വിദ്യാർഥികൾക്കുള്ള സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സിന്റെയും പ്രവേശനം പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിച്ചു. ആഡോൺ കോഴ്സിന്റെ ക്ലാസുകൾ ശനിയാഴ്ചകളിലും ഫൗണ്ടേഷൻ കോഴ്സിന്റെ ക്ലാസുകൾ രണ്ടാം ശനിയാഴ്ചകളിലും നടത്തപ്പെടുന്നതാണ്. ക്ലാസുകൾ ജൂലൈ 5ന് ആരംഭിക്കും. വിവരങ്ങൾക്ക്: 9539381100.

Deepanalam Weekly
RNI No : 16998/68
Vol. 58 No. 18 Date of Publication 3 July 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org